# താമരമൊട്ടുകൾ

വാല്യം 23 | നവംബർ 2021 | ലക്കം 11 | Price ₹20




താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 22 താമരമൊട്ടുകൾ നവംബർ 2021 ലക്കം 11

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"ജോസഫ് നിദ്രയിൽ നിന്നുണർന്ന് കർത്താവ് കല്പിച്ചതുപോലെ പ്രവർത്തിച്ചു."
(മത്താ. 1:24)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 695 |
| 2. | പ്രോഗ്രാം നവംബർ 2021 | 696 |
| 3. | ഇടയലേഖനം *02/2021* | 697 |
| 4. | സർക്കുലർ *15/2021* | 702 |
| 5. | കച്ചേരിക്കാര്യം | 704 |
| 6. | സൗഹൃദങ്ങളെ സമ്പത്തായി കരുതിയ ബഹു. ജോൺ മണലിലച്ചൻ | 707 |
| 7. | വിശ്വാസപരിശീലനം | 710 |
| 8. | ചെറുപുഷ്പ മിഷൻലീഗ് | 714 |
| 9. | തിരുബാലസഖ്യം | 720 |
| 10. | സെമിനാരി വാർത്തകൾ | 722 |
| 11. | ലിറ്റർജി കമ്മീഷൻ | 723 |
| 12. | വിദ്യാഭ്യാസം | 725 |
| 13. | സ്റ്റാർട്ട് | 726 |
| 14. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 727 |
| 15. | മാതൃവേദി | 729 |
| 16. | ഗുഡ്ഷെഫേർഡ് പ്രീസ്റ്റ് ഹോം | 731 |
| 17. | കുടുംബ പ്രേഷിതത്വം | 732 |
| 18. | കെ.സി.വൈ.എം | 732 |
| 19. | ഇൻഫാം | 736 |
| 20. | എ.കെ.സി.സി | 739 |
| 21. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 741 |
| 22. | വിൻസെന്റ് ഡി പോൾ | 743 |
| 23. | കരിസ്മാറ്റിക് മൂവ്മെന്റ് | 744 |
| 24. | ബഥാനിയ ധ്യാനകേന്ദ്രം | 745 |
| 25. | യേശുനിധി | 747 |
| 26. | അജപാലനക്കുറിപ്പുകൾ | 748 |

# Birth Day Greetings

Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Kalapurackal Thomas | November | 4 |
| Muringayil Sebastian | | 4 |
| Thevadiyil Thomas | | 8 |
| Vallikunnel James | | 8 |
| Nelliany Pius MSFS | | 10 |
| Embrayil Sebastian (Sr.) | | 11 |
| Panamattamparambil Sebastian | | 12 |
| Poovathinkal Paul | | 12 |
| Kiliyanparambil Joseph | | 13 |
| Koramkottu Mathew | | 14 |
| Puthenveettil Kuriakose | | 15 |
| Pulimoottil Mathew (Sr.) | | 17 |
| Joseph Thomas OFM | | 19 |
| Kalariparambil John | | 20 |
| Chundayil Joseph | | 20 |
| Kavalakatt Sebastian | | 21 |
| Poriath Thomas | | 22 |
| Kavil Rony Paul | | 28 |

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Mangarayil Scaria | November | 5 |
| Nedumala Zacharias | | 5 |
| Ponganpara Cheriyan | | 5 |
| Thundathil Scaria | | 5 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം നവംബർ 2021

| | | |
|---|---|---|
| 01 | തിങ്കൾ | **സകല വിശുദ്ധരുടെയും തിരുന്നാൾ** |
| 02 | ചൊവ്വ | **സകല മരിച്ചവരുടെയും ഓർമ്മ** |
| 04 | വ്യാഴം | വി. ചാൾസ് ബൊറോമിയോ |
| 07 | ഞായർ | മതാധ്യാപകദിനം |
| 11 | വ്യാഴം | ചരമദിനം: ഫാ. ഫിലിപ്പ് കണക്കഞ്ചേരി (2004) |
| 21 | ഞായർ | **മിശിഹായുടെ രാജത്വത്തിരുന്നാൾ** |
| 26 | വെള്ളി | ചരമദിനം: ഫാ. അഗസ്റ്റിൻ പന്നിക്കോട്ട് (2011) |
| 30 | ചൊവ്വ | അന്ത്രയോസ് ശ്ലീഹ |



*St. Joseph, Pray for us*

*ഇടയലേഖനം 02/2021*

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

# ആരാധനക്രമം

**കർത്താവിന്റെ ദാസനും ദൈവനിയോഗത്താൽ താമരശ്ശേരി രൂപതയുടെ മെത്രാനുമായ റെമീജിയോസ് ഇഞ്ചനാനിയിൽ തന്റെ രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും ദൈവജനത്തിനുമായി എഴുതുന്നത്.**

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, വാത്സല്യമുള്ള കുഞ്ഞുമക്കളേ,

സീറോ മലബാർ സഭ ചരിത്രപരമായ നാളുകളിലൂടെ കടന്നുപോകുകയാണ്. സഭയുടെ നവീകരിച്ച കുർബ്ബാനക്രമവും ഏകീകൃത കുർബ്ബാനയർപ്പണ രീതിയും 2021 നവംബർ 28 മുതൽ പ്രാബല്യത്തിൽ വരുന്ന വിവരം മേജർ ആർച്ച് ബിഷപ്പ് തന്റെ ഇടയലേഖനത്തിലൂടെ നമ്മെ പ്രബോധിപ്പിച്ചിരുന്നു. ഇടയലേഖനത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, നമ്മുടെ സഭയുടെ വി. കുർബ്ബാന അർപ്പണ രീതിയിൽ ഐകരൂപ്യം ഉണ്ടാകണമെന്ന് 1998 ൽ സീറോ മലബാർ സഭയിൽ നടന്ന പ്രഥമ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ ആവശ്യമുയർന്നിരുന്നു. അതിനുശേഷം 1999 നവംബറിൽ ആരാധനക്രമം ഐകരൂപ്യത്തിലാക്കാനുള്ള ശ്രമം സഭയിലുണ്ടായെങ്കിലും, പല രൂപതകളിലും അത് നടപ്പിലാക്കാനായില്ല. എങ്കിലും ഇക്കാലയളവിൽ ഐകരൂപ്യത്തിനായുള്ള ചർച്ചകൾ നടന്നുകൊണ്ടിരുന്നു. ഇപ്പോൾ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ ആഹ്വാനത്തിന്റെയും, പൗരസ്ത്യ തിരുസംഘത്തിന്റെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുടെയും, 2021 ഓഗസ്റ്റിൽ സമ്മേളിച്ച സീറോ മലബാർ സിനഡിൽ എടുത്ത തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ നവീകരിച്ച കുർബ്ബാന ക്രമവും ഏകീകൃത അർപ്പണ രീതിയും നിലവിൽ വരികയാണ്.

'സഭയുടെ ശക്തി മുഴുവൻ പുറപ്പെടുന്ന ആരാധനക്രമത്തി ലേക്കാണ് സഭയുടെ പ്രവർത്തനം തന്നെ തിരിഞ്ഞിരിക്കുന്നത്' എന്നാണല്ലോ രണ്ടാം

വത്തിക്കാൻ കൗൺസിൽ നമ്മെ പഠിപ്പി ക്കുന്നത്. പ്രേഷിതവേലയുടെ ലക്ഷ്യം വിശ്വാസവും മാമ്മോദീ സയും വഴി ദൈവമക്കളാക്കപ്പെട്ടവരെല്ലാം ഒന്നു ചേർന്നു ദിവ്യബ ലിയിൽ സംബന്ധിച്ചും പരിശുദ്ധ കുർബാനസ്വീകരിച്ചും സഭയിൽ ദൈവത്തെ പുകഴ്ത്തുകയെന്നതാണ് എന്നും കൗൺസിൽ പഠിപ്പിക്കുന്നു (SC. 10).

ആരാധനക്രമത്തിലെ ഓരോ തിരുക്കർമ്മവും നിത്യപുരോ ഹിതനായ മിശിഹായുടെയും അവിടുത്തെ ശരീരമായ സഭയുടെ യും പ്രവൃത്തിയാണ്. അതിനാൽത്തന്നെ അത് വിശുദ്ധവും ഉത്കൃഷ്ടവുമാണ്. കൗൺസിൽ പഠിപ്പിക്കുന്നതുപോലെ സ്വർഗ്ഗീയ ജറുസലേമിൽ ആചരിക്കപ്പെടുന്ന ആരാധനക്രമത്തിന്റെ ഒരു മുന്നാസ്വാദനമാണ് ഭൂമിയിൽ വെച്ചു നടത്തുന്ന ആരാധനാകർമ്മ ത്തിൽ നമുക്ക് കൈവരുന്നത് (SC. 8). നമ്മുടെ രക്ഷയുടെയും വിശുദ്ധീകരണത്തിന്റെയും മഹത്ത്വീകരണത്തിന്റെയും സംഗമ വേദിയായ ആരാധനക്രമത്തിന്റെ കേന്ദ്രബിന്ദു വി. കുർബാന യാണ്. മറ്റു കൂദാശകൾ, കൂദാശാനുകരണങ്ങൾ (ഉദാ. ദൈവാല യവെഞ്ചരിപ്പ്, മൃതസംസ്ക്കാര ശുശ്രൂഷ), യാമപ്രാർത്ഥനകൾ (നിശ്ചിത സമയങ്ങളിലെ പ്രാർത്ഥന), ആരാധനക്രമ വത്സരത്തി ലെ ആചരണങ്ങൾ എന്നിവ ഈ ആരാധനക്രമത്തിൽ ഉൾപ്പെ ടുന്നു. (SC. 59-101)

ഒരു വ്യക്തിസഭയെ മറ്റ് വ്യക്തിസഭകളിൽ നിന്ന് വ്യത്യസ്ത മാക്കുന്നതിൽ പ്രധാനപ്പെട്ടത് അതിന്റെ ആരാധനക്രമമാണ്. നിയമാനുസൃതം അംഗീകൃതമായ എല്ലാ ആരാധനാപൈതൃക ങ്ങൾക്കും തിരുസ്സഭാമാതാവ് തുല്യ അവകാശവും ശ്രേഷ്ഠതയു മാണ് നൽകുന്നതെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് (SC. 4). മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിത മായ നമ്മുടെ സഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ, 15-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കേരളത്തിൽ വന്ന വിദേശ മിഷനറിമാരുടെ ഭരണത്തിൽ കീഴിൽ തുടർന്നുള്ള മുന്നൂറോളം വർഷങ്ങൾ ഈ സഭ കഴിഞ്ഞിരുന്നതായി കാണാൻ സാധിക്കും. തുടർന്ന് 1923 ലാണ് സീറോ മലബാർ സഭയ്ക്ക് സ്വന്തമായ ഒരു ഹയരാർക്കി സ്ഥാപിതമാകുന്നതും 1992-ൽ ഈ സഭ ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയാകുന്നതും. മൂന്നു നൂറ്റാണ്ടോളം വിദേശമിഷനറിമാരുടെ നേതൃത്വത്തിൻ കീഴിലായിരുന്ന നമ്മുടെ സഭയുടെ വ്യക്തിത്വം വീണ്ടെടുക്കുക എന്നത് പരി. സിംഹാസനം നിരന്തരമായി ആവശ്യപ്പെടുന്ന ഒന്നാണ് (OE. 6). അതിന്റെ

അടിസ്ഥാനത്തിൽ നമ്മുടെ സഭയുടെ ആരാധനക്രമ ചരിത്രത്തിൽ പരിശുദ്ധ സിംഹാസനം പല തവണ നിർണായകമായ ഇടപെട ലുകൾ നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

നവംബർ 28 മുതൽ ലോകമെങ്ങുമുള്ള സീറോ മലബാർ സഭയിൽ ഒരേ രീതിയിൽ വി. കുർബാന അർപ്പിക്കപ്പെടുമ്പോൾ ഒരു വ്യക്തിഗത സഭയിൽത്തന്നെ പല രീതിയിൽ വി. കുർബാന അർപ്പിക്കപ്പെടുന്ന ശൈലിക്ക് പരിഹാരമാകും. 1965 വരെ ആഗോളസഭയിൽ നിലനിന്നിരുന്ന അർപ്പണരീതിയാണ് അൾത്താരാഭിമുഖരീതി. ലത്തീൻസഭ ഉൾപ്പെടെയുള്ള സഭകൾ അനുവർത്തിച്ചിരുന്ന രീതിയാണ് ഇത്. പിന്നീട് ലത്തീൻസഭയിൽ പരീക്ഷണാർത്ഥം ജനാഭിമുഖ കുർബാന ആരംഭിക്കുകയും പ്രചരിക്കുകയും ചെയ്തു. നമ്മുടെ സഭയിലും ചില സ്ഥലങ്ങളിൽ ഈ രീതി പ്രചരിച്ചു. ഈ രണ്ട് രീതികളും ഇന്ന് ലോകമെങ്ങുമുള്ള കത്തോലിക്കാ-അകത്തോലിക്കാ സഭകളിൽ നിലനില്ക്കുന്നുണ്ട്. നമ്മുടെ സഭയുടെ പ്രത്യേകമായ ചരിത്രപശ്ചാത്തലത്തിൽ, 1999ൽ നടന്ന സിനഡിൽ ഏകീകൃത ബലിയർപ്പണരീതി തീരുമാനിക്കു കയും 2021-ലെ സിനഡ് സമ്മേളനം മാർപ്പാപ്പയുടെ കത്തിന്റെ കൂടി അടിസ്ഥാനത്തിൽ അത് നടപ്പിലാക്കാൻ നമ്മോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്. ഇതനുസരിച്ച് ഈശോയുടെ ജനനത്തെയും പരസ്യജീവിതത്തെയും യഥാക്രമം അനുസ്മരി പ്പിക്കുന്ന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും ജനാഭിമുഖ മായി നിർവ്വഹിക്കുന്നു. തുടർന്ന് വിശ്വാസപ്രമാണത്തിനുശേഷം വിശുദ്ധ മദ്ബഹായിൽ പ്രവേശി ക്കുന്ന പുരോഹിതൻ സഭയുടെ നാമത്തിൽ മിശിഹായുടെ പ്രതിനിധിയായി പരമപിതാവിന് മദ്ബഹാഭിമുഖമായി ബലിയർപ്പിക്കുന്നു. വി. കുർബാനയുടെ അർപ്പണഭാഗം സമാപിച്ചതിനു ശേഷമുള്ള കൃതജ്ഞതാ പ്രാർത്ഥനകളും സമാപനാശീർവാദവും പുരോഹിതൻ ജനാഭിമുഖമായി ചൊല്ലുന്നു.

നവീകരിച്ച കുർബാനക്രമവും ഏകീകൃതബലിയർപ്പണ രീതിയും മംഗളവാർത്തക്കാലം ഒന്നാം ഞായറാഴ്ച മുതൽ (2021 നവംബർ 28) ആരംഭിക്കുമ്പോൾ വി. കുർബാനയിലെ സജീവ ഭാഗഭാഗിത്വത്തെക്കുറിച്ചും ഏതാനും ചില കാര്യങ്ങൾ നിങ്ങളെ ഓർമ്മിപ്പിക്കട്ടെ. ആരാധനക്രമം പരിപൂർണ്ണഫലം ഉളവാക്കാൻ വിശ്വാസികൾ ഏകാഗ്രചിത്തരായി അതിൽ സംബന്ധിക്കുകയും കൃപാവരം ഫലപ്രദമായി സ്വീകരിക്കാൻ അതിനോട് സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യണമെന്ന് രണ്ടാം വത്തിക്കാൻ


കൗൺസിൽ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് (SC. 11). "വിശ്വാസ ത്തിന്റെ ഈ രഹസ്യത്തിൽ വിശ്വാസികൾ ഭാഗഭാക്കുകളാകു മ്പോൾ അപരിചിതരെപ്പോലെയോ നിശബ്ദരായ പ്രേക്ഷകരെപ്പോ ലെയോ ആകരുത്; മറിച്ച് തിരുക്കർമ്മങ്ങളുടെയും പ്രാർത്ഥനകളു ടെയും അർത്ഥം ഗ്രഹിച്ച് തങ്ങൾ ചെയ്യുന്നതെന്താണെന്നുള്ള ബോധത്തോടും ഭക്തിയോടും സഹകരണത്തോടും കൂടി വേണം ഇതിൽ പങ്കെടുക്കാൻ" (SC. 48). ഈ പശ്ചാത്തലത്തിൽ ഓരോ രുത്തരും വി. കുർബാനപ്പുസ്തകം ഉപയോഗിച്ച് സജീവമായി വി. ബലിയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കാലത്തിനനു സരിച്ച് മാറിമാറി വരുന്ന പ്രാർത്ഥനകൾ (Propria) ഉപയോഗിച്ചു കൊണ്ട് വി. ബലിയർപ്പണം കൂടുതൽ സജീവമാക്കാൻ എല്ലാവർ ക്കും സാധിക്കട്ടെ. ദൈവജനത്തെ ആരാധനക്രമ കേന്ദ്രീകൃതമായി വിശ്വാസത്തിൽ ആഴപ്പെടുത്തുക എന്ന പൗരോഹിത്യ അജപാലന ഉത്തരവാദിത്വം നിർവ്വഹിക്കാൻ എല്ലാ വൈദികരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

ഇപ്പോൾ നമ്മുടെ രൂപതയിൽ നിലനില്ക്കുന്ന ആരാധന ക്രമ രീതി യിൽ നിന്നും വ്യത്യസ്തമായ ഒരു രീതി പരിശുദ്ധ സിംഹാസനവും പൗരസ്ത്യ തിരുസംഘവും നമ്മുടെ സഭാസിനഡും നിർദ്ദേശിച്ചിരിക്കുക യാൽ അതിനോട് സർവ്വാത്മനാ ചേർന്നു നില്ക്കുക എന്നുള്ളത് സഭാമക്ക ളെന്ന നിലയിൽ നമ്മുടെ കടമയാണ്. സാമുവലിന്റെ ഒന്നാം പുസ്തകം 15-ാം അദ്ധ്യായത്തിൽ അമലേക്യരെ കീഴ്പ്പെടുത്തുവാൻ സാവൂളിനോടാവശ്യപ്പെ ടുന്ന തിരുവചനഭാഗം നാം ധ്യാനവിഷയമാക്കണം. കർത്താവിന്റെ കല്പന ലംഘിച്ച് കർത്താവിനു ബലിയർപ്പിക്കുന്നതിനായി അമലേക്യരിൽ നിന്ന് ഏറ്റവും നല്ലമൃഗങ്ങളെ തിരഞ്ഞെടുത്ത് സൂക്ഷിച്ച സാവൂളിനോട് സാമുവൽ പ്രവാചകനിലൂടെ കർത്താവ് ചോദിക്കുന്നു: "തന്റെ കല്പന അനുസരിക്കു ന്നതോ ദഹനബലികളും മറ്റു ബലികളും അർപ്പിക്കുന്നതോ കർത്താവിന് പ്രീതികരം? അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം; മുട്ടാടുകളുടെ മേദസ്സി നെക്കാൾ ഉത്കൃഷ്ടം." (1 സാമു. 15:22). ആഗോള കത്തോലിക്കാസഭയിലെ സജീവ വ്യക്തിഗത സഭയായ സീറോ മലബാർ സഭയിൽ ആരാധനക്രമ ത്തിൽ ഒരു ഐകരൂപ്യം ഉണ്ടാകുന്നതിനായി മാർപാപ്പായുടെയും സിനഡ് പിതാക്കന്മാരുടെയും തീരുമാനത്തോടും, "പിതാവേ എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ എന്ന് പ്രാർത്ഥിച്ച ഈശോയോടും ചേർന്ന് നിൽക്കുവാൻ

നമുക്ക് കഴിയട്ടെ. എക്കാലവും പരിശുദ്ധ സിംഹാസനത്തോടും സഭാ നേതൃത്വത്തോടും നമ്മൾ കാണിച്ചിട്ടുള്ള വിധേയത്വവും അനുസരണവും വിശുദ്ധ കുർബ്ബാന അർപ്പണ രീതിയിലും നമുക്ക് മാതൃകയാക്കാം. ഏകമകനെ ബലിയർപ്പിക്കുവാൻ തയ്യാറായ പിതാവായ അബ്രാഹത്തെപ്പോലെയും, ദൈവിക രഹസ്യങ്ങളുടെ മുമ്പിൽ ഇതാ കർത്താവിന്റെ ദാസി എന്നു പറഞ്ഞ പരിശുദ്ധ അമ്മയെപ്പോലെയും ദൈവഹിതത്തിന് പൂർണ്ണമായും നമുക്ക് കീഴ്വഴങ്ങാം.

നിങ്ങൾക്കെല്ലാവർക്കും പരി. അമ്മയുടെ സംരക്ഷണവും നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥ്യവും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും ✠ പിതാവായ ദൈവത്തിന്റെ സ്നേഹവും ✠ പരിശുദ്ധാത്മാവിന്റെ സഹവാസവും ✠ നിങ്ങളെല്ലാവരോടും കൂടെയുണ്ടായിരിക്കട്ടെ. ആമ്മേൻ.

മിശിഹായിൽ സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ ഇടയലേഖനം 2021 നവംബർ 7-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.



*സർക്കുലർ 15/2021*

# വൈദികരുടെ വാർഷിക ധ്യാനം

മിശിഹായിൽ സ്നേഹമുള്ളവരെ,

നമ്മുടെ രൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം നവംബർ 15 തിങ്കളാഴ്ച മുതൽ 19 വെള്ളിയാഴ്ചവരെ നടക്കുകയാണ്. വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ കോട്ടയം സെന്റ് ജോസഫ്സ് പ്രൊവിൻഷ്യൽ സുപ്പീരിയർ പെരിയ ബഹു. മാത്യു കക്കാട്ടുപിള്ളി അച്ചനാണ് ഇത്തവണത്തെ വാർഷിക ധ്യാനത്തിന് നേതൃത്വം നൽകുന്നത്. ഇപ്പോഴും നിലനിൽക്കുന്ന കോവിഡ് സാഹചര്യങ്ങളിൽ ഓൺലൈനായി നടത്തപ്പെടുന്ന ധ്യാനം ബഹു. വൈദികർ ഫൊറോനാ തലത്തിൽ ഒന്നിച്ചുകൂടിയാണ് പങ്കെടുക്കുന്നത്.

“അതിരാവിലെ അവൻ ഉണർന്ന് ഒരു വിജനസ്ഥലത്തേക്കു പോയി. അവിടെ അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു” (മർക്കോസ് 1:35). ഈശോയുടെ മാതൃക സ്വീകരിച്ച് അനുദിന ജീവിതത്തിന്റെ തിരക്കുകളിൽ നിന്നും മാറി നിന്ന് ഒരാഴ്ച ക്കാലം ദൈവസന്നിധിയിൽ ശാന്തമായി പ്രാർത്ഥിക്കുവാനും, ആത്മീയതയിൽ കൂടുതൽ ആഴപ്പെടുവാനും, ശുശ്രൂഷാജീവിതത്തിന് ആവശ്യമായ ഊർജ്ജം സ്വീകരിക്കുവാനുമുള്ള അവസരമാണ് ഈ ധ്യാനദിവസങ്ങൾ. വി. പൗലോസ് ശ്ലീഹാ വി. തിമോത്തിയോസിനെ ഓർമ്മിപ്പിക്കുന്നതുപോലെ “എന്റെ കൈവെയ്പിലൂടെ നിനക്ക് ലഭിച്ച ദൈവിക വരം വീണ്ടും ഉജ്ജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ അനുസ്മരിപ്പിക്കുന്നു.” (2 തിമോ. 1:6). ദൈവജനത്തിന് ആത്മീയ നേതൃത്വം നല്കുന്ന അജപാലകർക്ക് സ്വന്തം ആത്മീയജീവിതത്തിലും നിരന്തരമായ നവീകരണം ആവശ്യമാണല്ലോ. “മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽ നിന്ന് പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടു മാണു ജീവിക്കുന്നത്'' (മത്തായി 4:4). എന്ന വചനം നമുക്ക് ഓർക്കാം. സ്വന്തം ശക്തിയിലും കഴിവുകളിലും ആശ്രയിക്കാതെ ദൈവകൃപയിൽ സ്വയം സമർപ്പിച്ചു കൊണ്ടുള്ള ഒരു ശുശ്രൂഷയാണ് പൗരോ ഹിത്യം. അതിനാൽ പൗരോഹിത്യമെന്ന കൂദാശയിലൂടെ ലഭിച്ച ദൈവകൃപ നഷ്ടപ്പെടാതെ സൂക്ഷിക്കാനും കൂടുതൽ ഉജ്ജ്വലിപ്പിക്കാനും വൈദികർക്ക് കടമയുണ്ട്.

ഏത് മേഖലയിൽ പ്രവർത്തിക്കുന്ന വൈദികരാണെങ്കിലും ദൈവജനത്തിന്റെ ആഗ്രഹവും ദൈവഹിതവും വൈദികർ ആത്മീയതയുടെ മനുഷ്യരാകണമെന്നതാണ്. ദൈവജനത്തിന്റെ ആത്മീയ ആവശ്യങ്ങളിൽ സംലഭ്യരാകുന്ന, സ്നേഹത്തോടെയും കരുതലോടെയും സംയമനത്തോടെയും

ആത്മീയ നേതൃത്വം നൽകുന്ന വൈദികരുടെ ശുശ്രൂഷയാണ് ഈ കാലഘട്ടം ആവശ്യപ്പെടുന്നത്. സഹായം തേടിവരുന്ന ആരെയും മടക്കി അയക്കാതെ, എപ്പോഴും പ്രവർത്തനനിരതനായിരിക്കുന്ന ദൈവപിതാവിന്റെ ചിത്രം വെളിപ്പെടുത്തിത്തന്ന ഈശോ, നിരന്തരമായ പ്രാർത്ഥനയിലൂടെയും, സുവിശേഷ പ്രഘോഷണത്തിലൂടെയും ഭൂമിയിൽ ദൈവരാജ്യസ്ഥാപനത്തിന് ആരംഭംകുറിച്ചു. ഈ ദൗത്യം ഇന്നും സഭയിൽ അഭംഗുരം നിർവ്വഹിക്കപ്പെടുന്നത് വൈദിക ശുശ്രൂഷയിലൂടെയാണ്. അതുകൊണ്ട് കാലഘട്ടത്തിന്റെ വെല്ലുവിളികളെ ആത്മീയതയിൽ അടിസ്ഥാനമിട്ട ശുശ്രൂഷയിലൂടെ മറികടക്കാൻ വാർഷിക ധ്യാനം സഹായിക്കും. വാർഷിക ധ്യാനത്തിനൊരുങ്ങുന്ന ബഹുമാനപ്പെട്ട വൈദികർക്കുവേണ്ടി ദൈവജനം മുഴുവനും വരും ദിവസങ്ങളിൽ ആത്മാർത്ഥമായി പ്രാർത്ഥിക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.


ഒരോ വിശ്വാസിയുടെയും ജീവിതത്തിൽ, ജനനം മുതൽ മരണം വരെ നിരന്തരം അനുധാവനം ചെയ്യുന്ന വൈദികരിലൂടെ, ദൈവാനു ഗ്രഹത്തിന്റെയും ദൈവകൃപയുടെയും വഴികൾ നിരന്തരം അനുഭവിച്ചറിയുന്നുണ്ടല്ലോ. അതുകൊണ്ടുതന്നെ വിശുദ്ധിയിലേക്കും, പരി പൂർണ്ണതയിലേക്കും നമ്മെ നയിക്കുന്ന വൈദികർക്കുവേണ്ടി പ്രാർത്ഥി ക്കാനുള്ള കടമ നമുക്കുണ്ട്. കാരണം, ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കുള്ള ഉത്തരമാണ് ഓരോ ദൈവവിളിയും. “എനിക്ക് ഇഷ്ടപ്പെട്ട ഇടയൻമാരെ ഞാൻ നിങ്ങൾക്ക് തരും” (ജെറമിയാ 3:15) എന്ന ഉറപ്പ് ദൈവം തന്റെ ജനത്തിന് നൽകുന്നുണ്ട്. ദൈവജനത്തിനു നേരെ മോശയെപ്പോലെ അനുഗ്രഹത്തിന്റെ പുരോഹിത കരങ്ങളുയരുമ്പോൾ അതു താഴാതെ നിൽക്കാൻ അവർക്ക് കരുത്തേകുന്നത് ദൈവജനത്തിന്റെ പ്രാർത്ഥനയാണ്. തീക്ഷ്ണതയോടെ ജനത്തിന് നേതൃ ത്വം നൽകാനും, തളരാതെ അവരെ അനുഗ്രഹിക്കാനും, കരുത്തോടെ സഭയെ മുന്നോട്ടു നയിക്കാനും നിങ്ങളുടെ പ്രാർത്ഥന വൈദികർക്ക് എപ്പോഴും ആവശ്യമാണ്. അജപാലന ശുശ്രൂഷകളിൽ ദൈവകൃപ നിറയുന്നതിനും നമ്മുടെ കുടുംബങ്ങളിൽ കൂടുതൽ ദൈവവിളികളുണ്ടാകുന്നതിനും വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന കാരണമാകും.

ഇത്തവണത്തെ വാർഷിക ധ്യാനത്തിന് നേതൃത്വം നൽകുന്ന ബഹു. മാത്യു കക്കാട്ടുപിള്ളി അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം ഓർക്കാം. ദൈവവചനം പ്രഘോഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കാനുള്ള നമ്മുടെ ഉത്തരവാദിത്വം പൗലോസ് ശ്ലീഹാ തന്നെ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ടല്ലോ. “ഞാൻ വായ് തുറക്കുമ്പോൾ എനി ക്കുവചനം ലഭിക്കാനും സുവിശേഷത്തിന്റെ രഹസ്യം ധൈര്യപൂർവം പ്രഘോഷിക്കാനും നിങ്ങൾ എനിക്കുവേണ്ടി പ്രാർഥിക്കുവിൻ” (എഫേസോസ് 6:19). പരിശുദ്ധാത്മ അഭിഷേകത്താൽ നിറഞ്ഞ് ധ്യാനം നയിക്കാനും, സഭ അച്ചനെ ഏൽപിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ ഏറ്റം

വിശ്വസ്തതയോടെ നിർവ്വഹിക്കാനും, കടന്നുചെല്ലുന്ന ശുശ്രൂഷാമേഖലകൾ ദൈവാനുഗ്രഹം നിറഞ്ഞതാകാനും അച്ചന് വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

നിങ്ങളുടെ പ്രാർത്ഥനകളിൽ പ്രിയപ്പെട്ട വൈദികരെ ഓർക്കുന്നതിന് ഹൃദയപൂർവ്വം നന്ദി പറയുന്നതോടൊപ്പം വൈദികശുശ്രൂഷയിലൂടെ ദൈവം ചൊരിയുന്ന എല്ലാ അനുഗ്രഹങ്ങളും നിങ്ങൾക്ക് ലഭിക്കാൻ ഇടവരട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. നമ്മുടെ രൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ വാർഷികധ്യാനം അതിൽ പങ്കെടുക്കുന്ന ഏവർക്കും അനുഗ്രഹത്തിന്റെയും ദൈവാനുഭവത്തിന്റെയും ദിനങ്ങളാകട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ നവംബർ മാസം 14 -ാം തീയതി വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

## കച്ചേരിക്കാര്യം

**1. പുതിയ നിയമനങ്ങൾ**

ഫാ. ഫ്രാൻസിസ് എട്ടിയപ്പാറ MCBS : അസി. വികാരി, ചെമ്പുകടവ്

**2. വൈദികരുടെ വാർഷിക ധ്യാനം**

രൂപതയിലെ വൈദികരുടെ വാർഷികധ്യാനം 2021 നവംബർ 15-ാം തീയതി തിങ്കളാഴ്ച മുതൽ 19-ാം തീയതി വെള്ളിയാഴ്ച വരെ ഓൺലൈനായി നടത്തപ്പെടുന്നു. കോവിഡ് പശ്ചാത്തലത്തിൽ ബഹു. വൈദികർ ഫൊറോന തലത്തിൽ ഒരുമിച്ചുകൂടിയാണ് ധ്യാനത്തിൽ പങ്കെടുക്കുന്നത്. കോട്ടയം വിൻസെൻഷ്യൻ പ്രൊവിൻഷ്യൽ ബഹു. ഫാ. മാത്യു കക്കാട്ടുപള്ളിയച്ചനാണ് ധ്യാനത്തിന് നേതൃത്വം നല്കുന്നത്. ബഹു. ഫൊറോന വികാരിയച്ചന്മാർ ധ്യാനത്തിനുവേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ. ധ്യാനസമയം രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെയായിരിക്കും. തദവസരത്തിൽ ബൈനേഷൻ ഫോമുകൾ ബഹു. ഫൊറോന വികാരിമാരെ ഏല്പിക്കേണ്ടതാണ്.

**3. പുതുക്കിയ ആരാധനക്രമവും ഏകീകൃത ബലിയർപ്പണരീതിയും നവംബർ 28 ന് നിലവിൽ വരുന്നു.**

സീറോ മലബാർ സഭാസിനഡിന്റെ തീരുമാനമനുസരിച്ച് 2021 നവംബർ 28-ാം തീയതി മംഗളവാർത്തക്കാലം ഒന്നാം ഞായറാഴ്ച മുതൽ ഏകീകൃത ബലിയർപ്പണരീതിയും പുതുക്കിയ ആരാധനക്രമവും നിലവിൽ വരുക യാണല്ലോ. വി. കുർബാനയുടെ ആമുഖശുശ്രൂഷയും വചനശുശ്രൂ ഷയും ഉൾപ്പെടെ വിശ്വാസ പ്രമാണം കഴിയുന്നതുവരെ വചനവേദിയിൽ വെച്ച് ജനാഭിമുഖമായും തുടർന്നുവരുന്ന അനാഫൊറയുടെ ഭാഗം അൾത്താരാഭിമുഖമായും, വി. കുർബാന സ്വീകരണശേഷമുള്ള സമാപന ശുശ്രൂഷ ജനാഭിമുഖമായുമാണ് അർപ്പിക്കപ്പെടുന്നത്. ഇടവക ദൈവാല യങ്ങളിലും വി. കുർബാനയർപ്പിക്കപ്പെടുന്ന കപ്പേളകളിലും സന്യാസഭവന ങ്ങളിലെ ചാപ്പലുകളിലും ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുവാൻ ശ്രദ്ധിക്കുമല്ലോ.

**4. ആരാധനക്രമ പഞ്ചാംഗം, കലണ്ടർ, പുതുക്കിയ തക്സ**

2022 ലെ ആരാധനക്രമ പഞ്ചാംഗവും കലണ്ടറും, പുതുക്കിയ തക്സയും രൂപ താഭവനിൽ ലഭ്യമാണ്.

**5. പി.പി.എഫ്. ഇടവക-വ്യക്തി വിഹിതം**

വൈദിക ക്ഷേമനിധിയിലേക്കുള്ള ഇടവക-വ്യക്തി വിഹിതങ്ങൾ നൽകുവാനു ള്ളവർ വാർഷിക ധ്യാനസമയത്ത് പണമടയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**6. ജൂബിലി ആഘോഷം നവംബർ 29 ന് കത്തീഡ്രലിൽ**

നമ്മുടെ അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ ജോർജ് ഞരളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയും നമ്മുടെ രൂപതയിലെ മോൺ. ആന്റണി കൊഴുവനാൽ, ഫാ. തോമസ് വട്ടോട്ടു തറപ്പേൽ, ഫാ. സൈമൺ വള്ളോപ്പിള്ളി എന്നീ വൈദികരുടെ പൗരോഹിത്യ സുവർണ്ണ ജൂബിലിയും ഫാ. ജേക്കബ് കുത്തൂർ, ഫാ. വിൽസൺ മുട്ടത്തുകുന്നേൽ, ഫാ. ജോർജ് മുണ്ടനാട്ട്, ഫാ. ഡൊമിനിക് തൂങ്കുഴി എന്നിവരുടെ പൗരോഹിത്യ രജതജൂബിലിയും 2021 നവംബർ 29 ന് തിങ്കളാഴ്ച രാവിലെ 10.30 ന് താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ കൃതജ്ഞതാബലി അർപ്പിച്ചുകൊണ്ട് ആഘോഷിക്കുന്നു. രൂപതയിലെ മുഴുവൻ വൈദികരും, അജപാലന ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന സന്യസ്തരും വി. കുർബാനയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**7. ആദരാഞ്ജലികൾ**

ബഹു. വർക്കി ചെറുപിള്ളേട്ട് അച്ചന്റെ മാതാവ് **അന്നക്കുട്ടി ചെറുപിള്ളേട്ട് (97)** 2021 ഒക്ടോബർ 16 ന് തന്റെ നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു. കുളത്തുവയൽ ഇടവ കയിൽ നടന്ന മൃതസംസ്കാരശുശ്രൂഷകൾക്ക് വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു.

വർക്കിയച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**8. സ്മരണാഞ്ജലി**

| | | |
|---|---|---|
| 3 – 11 – 2001 | – | മോൺ. തോമസ് മൂലക്കുന്നേൽ |
| 10 –11 – 2006 | – | റവ. ഫാ. തോമസ് നിലയ്ക്കപ്പള്ളി |
| **11 –11 – 2004** | **–** | **റവ. ഫാ. ഫിലിപ്പ് കണക്കഞ്ചേരി** |
| 18 –11 – 1982 | – | റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിയിൽ |
| **26 –11 – 2011** | **–** | **റവ. ഫാ. അഗസ്റ്റിൻ പന്നിക്കോട്ട്** |

**പ്രോട്ടോസിഞ്ചെല്ലൂസ്**

# സ്നേഹസ്മരണയ്ക്ക്



**റവ. ഫാ. ഫിലിപ്പ് കണക്കഞ്ചേരി**
**11 –11 – 2004**



**റവ. ഫാ. അഗസ്റ്റിൻ പന്നിക്കോട്ട്**
**26 –11 – 2011**

# സൗഹൃദങ്ങളെ സമ്പത്തായി കരുതിയ ബഹു. ജോൺ മണലിലച്ചൻ



78 വർഷം ഈ ഭൂമിയിൽ തന്നെ ഏല്പിച്ച ദൗത്യങ്ങൾ വിശ്വസ്ത തയോടെ നിർവ്വഹിച്ച്, നല്ലവണ്ണം യുദ്ധം ചെയ്ത്, ഓട്ടം പൂർത്തിയാക്കി, വിശ്വാസം സംരക്ഷിച്ച് നീതിയുടെ ന്യായാധിപന്റെ അടുക്കലേക്ക് ബഹു. ജോൺ മണലിലച്ചൻ യാത്രയായിരിക്കുന്നു. അച്ചനെ അറിയാവുന്നവർ ക്കെല്ലാം ഒരു പാട് നല്ല ഓർമ്മകൾ മാത്രം സമ്മാനിച്ച ഒരു നല്ല ഇടയനാ യിരുന്നു ജോണച്ചൻ. ആലംബഹീനർക്ക് അത്താണിയായും ആശയറ്റ വർക്ക് പ്രതീക്ഷയായും ആരോരുമില്ലാത്തവർക്ക് ആശ്രയമായും അഗതി കൾക്ക് ആലംബമായും മാറിയ ധന്യമായ ജീവിതത്തിന്റെ ഉടമയെയാണ് മണലിൽ കുടുംബത്തിനും താമരശ്ശേരി രൂപതയ്ക്കും തിരുസ്സഭയ്ക്കും നഷ്ടമായത്.

1943 ജൂൺ 1 ന് ചങ്ങനാശ്ശേരി അതിരൂപതയിലെ മുട്ടാർ ഇടവകയിൽ ദേവസ്യ - ക്ലാരമ്മ ദമ്പതികളുടെ നാല് മക്കളിൽ രണ്ടാമനായി ജനിച്ച ജോണച്ചൻ മുട്ടാറിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമി നാരിയിൽ പ്രവേശിച്ചു. തുടർന്ന് തലശ്ശേരി അതിരൂപതയിൽ ചേർന്ന് കുന്നോത്ത് സെന്റ് ജോസഫ്സ് സെമി നാരിയിലും ആലുവ, സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ മേജർ സെമിനാരിയിലുമായി വൈദികപരിശീലനം പൂർത്തിയാക്കി.1968 ഡിസംബർ 20-ാം തീയതി ആലുവ, സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ മേജർ സെമിനാരിയിൽ വെച്ച് തലശ്ശേരി രൂപതാമെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചു. 1968 ഡിസംബർ 21ന് മുട്ടാർ ഇടവകയിൽ പ്രഥമ ദിവ്യബലിയർപ്പിച്ചു.

മാനന്തവാടി രൂപതയിലെ മണിമൂളി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി സേവനമാരംഭിച്ച ജോണച്ചൻ മാനന്തവാടി രൂപതയിലെ പാലാങ്കര ഇടവകയിലും താമരശ്ശേരി രൂപതയിലെ ഈരൂട്, മാവൂർ, പയ്യനാട്, കൂമംകുളം, മഞ്ചേരി, മരഞ്ചാട്ടി, കട്ടിപ്പാറ, കുളിരാമുട്ടി, വാലില്ലാപ്പുഴ, ചുണ്ടത്തുംപൊയിൽ, കുപ്പായക്കോട്, പടത്തുകടവ്, കല്ലുരുട്ടി തുടങ്ങിയ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മഞ്ചേരി, കൂമംകുളം, താമരശ്ശേരി എന്നീ ഇടവകകളുടെ സ്ഥാപനത്തിന് മുൻകൈ യെടുത്തതും പള്ളി പണി നടത്തിയതും അച്ചനായിരുന്നു. 1976ൽ, അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ നിർദ്ദേശമനുസരിച്ച് ഈരൂട് ഇടവകയുടെ ഭാഗമായിരുന്ന താമരശ്ശേരിയിൽ ഒരു പള്ളി സ്ഥാപിച്ചത് അന്ന് ഈരുട് ഇടവകയിലെ വികാരിയായിരുന്ന ബഹു. ജോണച്ചനാണ്. പൗരോഹിത്യം സ്വീകരിച്ച് മൂന്ന് വർഷങ്ങൾ കഴിഞ്ഞപ്പോൾത്തന്നെ നേരിടേണ്ടി വന്ന അപകടത്തെത്തുടർന്നുള്ള ആരോഗ്യപ്രശ്നങ്ങൾ പിന്തുടരുന്നുണ്ടായിരുന്നെങ്കിലും അതെല്ലാം വിളിച്ചവനോടുള്ള സ്നേഹത്തെപ്രതി പരിഭവങ്ങളില്ലാതെ സഹിക്കുന്ന പ്രകൃതമായിരുന്നു ജോണച്ചന്റേത്.

അസൗകര്യങ്ങൾ മാത്രം കൈമുതലുണ്ടായിരുന്ന കുടിയേറ്റജനത യുടെ മനസ്സറിഞ്ഞ ഇടയനായിരുന്നു ജോണച്ചൻ. തന്നെ ഏല്പിച്ച എല്ലാ ഉത്തരവാദിത്വങ്ങളും തികഞ്ഞ ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടി പൂർത്തിയാക്കുവാൻ അച്ചന് സാധിച്ചിട്ടുണ്ട്. ഇടവകകളിൽ തന്റെ ശക്തമായ നേതൃത്വവും കഠിനാദ്ധ്വാനവും കൊണ്ട് ഇടവകജനത്തെ മുന്നോട്ട് നയിക്കാൻ അച്ചന് സാധിച്ചിരുന്നു. താൻ ശുശ്രൂഷ ചെയ്ത ഇടവക കളിൽ കുടിയേറ്റ കർഷകരുടെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി നേതൃത്വം വഹിക്കുവാൻ അച്ചന് കഴിഞ്ഞിട്ടുണ്ട്. സ്വന്തം ജീവിതം മറ്റുള്ളവർക്കുവേണ്ടി പൂർണ്ണമായി സമർപ്പിച്ച അച്ചൻ സ്വന്തമായുള്ളതു മുഴുവൻ എല്ലാവർക്കുമായി വീതിച്ചു നൽകിയാണ് തന്റെ ജനത്തെ സ്നേ ഹിച്ചത്. കണ്ടുമുട്ടുന്ന എല്ലാവരെയും നിറപുഞ്ചിരിയേടെ സ്വീകരിക്കു ന്നതിനും അവരോട് വിശേഷങ്ങൾ ചോദിച്ചറിയുന്നതിനും അച്ചൻ സമയം കണ്ടെത്തിയിരുന്നു. ജോണച്ചൻ സേവനം ചെയ്ത എല്ലാ ഇടവകകളിലെയും ജനങ്ങളുമായുള്ള സൗഹൃദം തുടർന്നും കാത്തുസൂക്ഷിക്കാൻ അച്ചൻ ശ്രദ്ധിച്ചിരുന്നുവെന്നത് അച്ചന്റെ ഒരു വലിയ സവിശേഷതയായിരുന്നു. അച്ചനോടൊപ്പം സ്കൂൾ കാലഘട്ടത്തിൽ പഠിച്ചവർ മുതൽ അവസാന നാളുകളിൽ കണ്ടുമുട്ടിയവർ വരെ അച്ചന്റെ സൗഹൃദങ്ങളിലും ഫോൺ വഴിയായുള്ള ബന്ധങ്ങളിലും ഉണ്ടായിരുന്നുവെന്നത് അച്ചന്റെ സൗഹൃദ വലയത്തിന്റെ വിശാലത നമുക്ക് മനസ്സിലാക്കിത്തരുന്നു. ഒരപ്പനെപ്പോ ലെയും അമ്മയെപ്പോലെയും ജ്യേഷ്ഠനെപ്പോലെയും സുഹൃത്തിനെപ്പോ ലെയും കൊച്ചു കുഞ്ഞുങ്ങളെപ്പോലെയും പെരുമാറുവാൻ ജോൺ അച്ചന് അപാരമായ സിദ്ധി ഉണ്ടായിരുന്നു.

2014 മെയ് മാസം 11-ാം തിയ്യതി മുതൽ അജപാലന ശുശ്രൂഷകളിൽ നിന്ന് വിരമിച്ച് വിശ്രമജീവിതം നയിച്ചുവരികയായിരുന്ന അച്ചന് പ്രായാ ധിക്യത്തിന്റെ അസ്വസ്ഥതകൾ ഉണ്ടായിരുന്നു. വളരെ ലളിതമായ ജീവിതം നയിച്ച അച്ചൻ ആരോടും പരാതിയോ

പരിഭവമോ ഇല്ലാതെ തന്റെ രോഗ പീഡകളെ സന്തോഷത്തോടെ സ്വീകരിച്ചു. വിശ്രമ മന്ദിരത്തിൽ കഴിഞ്ഞിരുന്ന ജോണച്ചൻ അവിടെ വരുന്ന സന്ദർശകരോട് കുശലം പറയുന്നതിലോ പരിചയപ്പെടുന്നതിലോ ഒട്ടും പുറകിലല്ലായിരുന്നെന്നു മാത്രമല്ല, അവരുമായുള്ള സൗഹൃദം പിന്നീടങ്ങോട്ട് കാത്തുസൂക്ഷിക്കുകയും ചെയ്യുമായിരുന്നു. വൈദിക വിശ്രമ മന്ദിരത്തെ ചടുലമാക്കി നിലനിർത്തുന്നതിൽ അച്ചൻ വലിയ പങ്കുവഹിച്ചു. ആത്മീയ ജീവിതത്തിലോ അനുദിന ഉത്തരവാദി ത്വങ്ങളിലോ ഒരു മുടക്കവും വരുത്താതെയും ആർക്കും ഒരു ഭാരമാകാ തെയും ജീവിക്കുവാൻ അച്ചൻ പരിശീലിച്ചിരുന്നു. ഉച്ചത്തിൽ ചിരിച്ചുകൊണ്ട് സംസാരിക്കുന്ന, ചാപ്പലിൽ ഉച്ചത്തിൽ പ്രാർത്ഥനകൾ ചൊല്ലുന്ന ജോണച്ചൻ വൈദിക വിശ്രമ മന്ദിരത്തിലെ ശബ്ദവും ഊർജ്ജവുമായിരുന്നു. പുഞ്ചിരി നിറഞ്ഞ സംസാരം കൊണ്ട് തന്റേതായ സാമ്രാജ്യം കെട്ടിപ്പടുത്ത വ്യക്തിയായിരുന്നു ജോണച്ചൻ. ആത്മീയത നിറഞ്ഞ സൗഹൃദമായിരുന്നു അച്ചന്റെ മുഖമുദ്ര.

ജീവിതത്തിന്റെ വിഷമഘട്ടങ്ങളിൽ ഒരിക്കൽപ്പോലും മ്ലാനവദനനോ നിരാശനോ ആയി അച്ചനെ കാണാൻ സാധിക്കുമായിരുന്നില്ല. അതിനെയെല്ലാം സന്തോഷത്തോടു കൂടി നേരിടുന്ന ജോണച്ചനെയാണ് നമുക്ക് കാണാൻ കഴിഞ്ഞിരുന്നത്. മരണത്തെ തെല്ലും ഭയക്കാത്ത, സ്നേഹിക്കുന്ന ജോണച്ചനാണ് നമുക്കുമുമ്പേ കടന്നുപോയത്. പലവട്ടം മരണത്തെ മുഖാഭിമുഖം കണ്ട ജോണച്ചൻ കഴിഞ്ഞ ജൂൺ മാസത്തിൽ അസുഖ ബാധിതനായി വെന്റിലേറ്ററിന്റെ സഹായത്താൽ ജീവനെ തിരിച്ചു പിടിച്ചതിനുശേഷവും പൂർണ്ണ ആരോഗ്യവാനായി തിരിച്ചെത്തിയത് നമുക്കേവർക്കും അതിശയം നൽകുന്നതാണ്. അതിനെത്തുടർന്ന് മരണത്തിന് ഞാനെപ്പോഴും ഒരുങ്ങിയിരിക്കുകയാണെന്ന് ജോണച്ചൻ പറയുമായിരുന്നു. 2018ൽ ജോണച്ചന്റെ പൗരോഹിത്യസ്വീകരണത്തിന്റെ 50-ാമത് ജൂബിലി ആഘോഷത്തിൽ മണലിൽ കുടുംബം പുറത്തിറക്കിയ 'സഹനത്തിന്റെ വഴിത്താരയിൽ" എന്ന പുസ്തകം അച്ചന്റെ ജീവിത കഥ വ്യക്തമാക്കുന്നു.

2021 സെപ്റ്റംബർ 22ന് രാവിലെ ശാരീരിക അസ്വസ്ഥതകൾ പ്രകടിപ്പിച്ച അച്ചനെ ഉടനെ തന്നെ കോഴിക്കോട് നിർമ്മലാ ഹോസ്പിറ്റലിൽ എത്തിച്ചു. തുടർന്ന് കൂടുതൽ വിശദമായ പരിശോധനകൾക്കും മറ്റുമായി കോഴിക്കോട് മിംസ് ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. തന്റെ ജീവിതത്തിന്റെ അവസാന മണിക്കൂറുകളിലേക്ക് പ്രവേശിച്ചു എന്ന് തിരിച്ചറിഞ്ഞ അച്ചൻ ആത്മീയമായി സമ്പൂർണ്ണ ഒരുക്കത്തിൽ രോഗീലേപനം സ്വീകരിക്കുകയുണ്ടായി. 2021 സെപ്റ്റംബർ 30ന് പുലർച്ചെ 4.15ന് അച്ചന്റെ ആത്മാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ധന്യമായ ജീവിതം നയിച്ച് നമുക്കേവർക്കും മാതൃകയായ ജോൺ അച്ചനുവേണ്ടി നമുക്ക് പ്രാർത്ഥി ക്കാം. ബഹുമാനപ്പെട്ട ജോൺ അച്ചനെ താമരശ്ശേരി രൂപതയ്ക്ക് നൽകിയ മണലിൽ കുടുംബാംഗങ്ങളോടും മുട്ടാർ ഇടവകയോടും ചങ്ങനാശ്ശേരി അതിരൂപതയോടും താമരശ്ശേരി രൂപതയുടെ കടപ്പാടും സ്നേഹവും അറിയിക്കുന്നു.

# വിശ്വാസപരിശീലനം

സകല മരിച്ചവരെയും, സകല വിശുദ്ധരെയും അനുസ്മരിക്കുന്ന മാസമാണ് നവംബർ മാസം. നമ്മുടെ വിശ്വാസമനുസരിച്ച് വിശുദ്ധരെല്ലാം വിജയസഭയിൽ ഉള്ളവരാണ്. ആത്മീയ സമരത്തിൽ വിജയം വരിച്ച് സ്വർഗ്ഗം നേടിയവരാണ് വിശുദ്ധർ. വേദനയോ, ദു:ഖങ്ങളൊ ഇല്ലാത്ത സ്വർഗ്ഗീയ ആനന്ദത്തിന്റെയും, സമാധാനത്തിന്റെയും സ്വർഗീയ ജെറുസലേമിൽ ദൈവത്തോടൊപ്പം ജീവിക്കാൻ ഭാഗ്യം ലഭിച്ചവരാണ് വിശുദ്ധർ. നാം വിശുദ്ധർക്ക് വേണ്ടി പ്രാർത്ഥിക്കേണ്ടതില്ല, എന്നാൽ വിശുദ്ധർ നമുക്ക് വേണ്ടി പ്രാർത്ഥിക്കും. ശുദ്ധീകരണാത്മാക്കൾ സഹനസഭയിൽ ഉള്ളവരാണ് അവർ പരാജിതരല്ല പിന്നെയോ വിജയം നേടാൻ വിശുദ്ധീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്നവരാണ്. ദൈവം ആഗ്രഹിക്കുന്ന പരിപൂർണ്ണതയിലേക്ക് സഹനത്തിലൂടെ അവർ വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരു ശുദ്ധീകരണാത്മാവിന് വേണ്ടി ആ വ്യക്തിയെ സഭ വിശുദ്ധനോ വിശുദ്ധയോ ആയി പ്രഖ്യാപിക്കുന്നത് വരെ നാം പ്രാർത്ഥിക്കാൻ കടപ്പെട്ടവരാണ്. നമ്മുടെ പ്രാർത്ഥന ആഗ്രഹിക്കുകയും യാചിക്കുകയും ചെയ്യുന്നവരാണ് ശുദ്ധീകരണ ആത്മാക്കൾ. ശുദ്ധീകരണ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കാത്തത് ഉപേക്ഷയാലുള്ള ഒരു പാപമാണ് എന്നത് സത്യമാണ്. കാരണം ജീവിച്ചിരിക്കുന്ന ഓരോരുത്തരുടെയും ഉത്തരവാദിത്വമാണത്.

## അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാൾ

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നാമഹേതുക തിരുനാൾ ദിവസമായ ഒക്ടോബർ 1 അഭിവന്ദ്യ പിതാവിന് വിശ്വാസപരിശീലനവിഭാഗം ആശംസകൾ അർപ്പിക്കുകയും പിതാവിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

## ഡിയർ ജീസസ് ക്ലാസ്സുകൾ

സെപ്റ്റംബർ 26 ഒക്ടോബർ 3 തീയതികളിൽ ബൈബിൾ നഴ്സറി 1, 2, 3 ക്ലാസുകളിലെ കുഞ്ഞുങ്ങൾക്ക് പാഠഭാഗത്തിന് പുറത്തുനിന്നുള്ള, ക്ലാസ്സുകളും പ്രവർത്തനങ്ങളും നൽകി വിശ്വാസപരിശീലനം ക്രമീകരിച്ചു. ബൈബിൾ കഥകളും അതിനോടനുബന്ധിച്ച് പ്രവർത്തനങ്ങളുമാണ് കുട്ടികൾ ചെയ്തത്. നാലാം ക്ലാസിലെ കുട്ടികൾക്ക് ഈ ആഴ്ച്ചകളിൽ ആദ്യകുർബാന സ്വീകരണത്തിന് ഒരുക്കമായുള്ള രണ്ട് ക്ലാസ്സുകൾ ക്രമീകരിച്ചു.

## ഉപപാഠ ക്ലാസുകൾ

5 മുതൽ 9 വരെ ക്ലാസുകളിൽ സെപ്റ്റംബർ 26, ഒക്ടോബർ 3 ഞായറാഴ്ചകളിൽ ഉപപാഠപുസ്തകങ്ങളുടെ ഓൺലൈൻ ക്ലാസുകൾ നടത്തി. 5,6,7,9 ക്ലാസുകളിലെ ഉപപാഠപുസ്തകങ്ങളുടെ ഓൺലൈൻ ക്ലാസുകൾ എടുത്തത് രൂപതയിലെ വിവിധ ഇടവകയിലെ അധ്യാപകരാണ്.

Std. 5 നീനു സണ്ണി വെള്ളാരംകുന്നേൽ തിരുവമ്പാടി, Std. 6 ലിറ്റി സെബാസ്റ്റ്യൻ പുളിമൂട്ടിൽ കോടഞ്ചേരി, Std.7 അലീന മാത്യു ചെട്ടിപ്പറമ്പിൽ കട്ടിപ്പാറ, Std.9 ഷിൻസി രാജു തറയിൽ കക്കയം എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഓരോ അധ്യാപകർക്കും പ്രത്യേകം നന്ദി പറയുന്നു. 4, 8 ക്ലാസുകളിൽ മറ്റു രൂപതകളിലെ ഓൺലൈൻ ക്ലാസ്സുകൾ ആണ് നാം പാഠ്യവിഷയമാക്കിയത്.

### വിശ്വാസവും യുക്തിയും

10, 11, 12 ക്ലാസുകളിലെ കുട്ടികൾക്ക് വേണ്ടി സെപ്റ്റംബർ 26 ഒക്ടോബർ 3 തീയതികളിൽ വിശ്വാസവും യുക്തിയും എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഫാ. തോമസ് പുതിയാപറമ്പിൽ ഓൺലൈൻ ക്ലാസുകൾ എടുത്തു.

### സഭാ വാർത്തകൾ

2021 സെപ്റ്റംബർ 26, ഒക്ടോബർ 3 തീയതികളിൽ ജോയൽ മനോജ് തലക്കുളം കൂരാച്ചുണ്ട്, എയ്ഞ്ചൽ മരിയ സൈജു കൊച്ചുപുരയ്ക്കൽ കൂടരഞ്ഞി, എന്നിവർ Catechesis Thamarassery - എന്ന യൂട്യൂബ് ചാനലിലൂടെ സഭാവാർത്തകൾ അവതരിപ്പിച്ചു.

### ഹെഡ്മാസ്റ്റർമാരുടെ ഗൂഗിൾ മീറ്റ്

വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ അർദ്ധവാർഷിക വിലയിരുത്തൽ നടത്തുന്നതിനും, പരീക്ഷ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി എല്ലാ ഹെഡ്മാസ്റ്റർമാരുടെയും ഒരു ഗൂഗിൾ മീറ്റ് 2021 ഒക്ടോബർ 9 ശനി 6 30 pm 7 30 pm വരെ നടന്നു.

### ആമുഖ സെമിനാർ സർട്ടിഫിക്കറ്റ്

സീറോ മലബാർ കാറ്റകെറ്റിക്കൽകമ്മീഷൻ പുതിയതായി വിശ്വാസപരിശീലനത്തിലേക്ക് കടന്നു വന്നവർക്ക് വേണ്ടി സംഘടിപ്പിച്ച ഓൺലൈൻ ആമുഖ സെമിനാറിൽ താമരശ്ശേരി രൂപതയിൽ നിന്ന് പങ്കെടുത്ത് വർക്കുകൾ സമർപ്പിച്ച 141 അധ്യാപകർക്ക് കോഴ്സ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

### അർദ്ധ വാർഷിക പരീക്ഷ

2021 ഒക്ടോബർ 24 ഞായറാഴ്ച വിശ്വാസപരിശീലന അർദ്ധവാർഷിക പരീക്ഷകൾ നടന്നു. കോവിഡിന്റെ സാഹചര്യത്തിൽ ചില ഇടവകകൾ ഓഫ്ലൈൻ പരീക്ഷകളും അധികം ഇടവകകളും മാതാപിതാക്കളുടെ നിരീക്ഷണത്തിലുള്ള ഓൺലൈൻ പരീക്ഷകളും നടത്തി.

### ക്വിസ് ക്യാറ്റ് ട്രയൽ മത്സരം

വിശ്വാസ പരിശീലകരുടെ തുടർ പരിശീലനത്തിന്റെ ഭാഗമായി നടക്കുന്ന ക്വിസ് ക്യാറ്റ് രണ്ടാം റൗണ്ട് മത്സരങ്ങളുടെ മുന്നോടിയായി ഒരു ട്രയൽ മത്സരം നടത്തി. ആദ്യ റൗണ്ടിൽ നേരിട്ട സാങ്കേതിക പ്രശ്നങ്ങൾ മനസിലാക്കുവാനും, ഗൂഗിൾ ഫോം

വഴിയുള്ള പരീക്ഷ രീതികൾ അധ്യാപകരെ പരിചയപ്പെടുത്താനും ആണ് ഇങ്ങനെ ഒരു മത്സരം നടത്തിയത്.

**ക്വിസ് ക്യാറ്റ് റൗണ്ട് II മത്സരം**

രണ്ടാം റൗണ്ട് മത്സരത്തെ കുറിച്ചുള്ള നിർദ്ദേശങ്ങൾ,

വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായുള്ള ക്വിസ് ക്യാറ്റ് റൗണ്ട് II മത്സരത്തിൽ എല്ലാ വിശ്വാസപരിശീലകരുടെയും പങ്കാളിത്തം ഉറപ്പാക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**പൊതുനിർദേശങ്ങൾ**

തിയതി : 2021 നവംബർ 28 ഞായർ,

സമയം: 2:30 pm 2:45 pm

വിഷയം:

1) PATRIS CORDE, പിതൃഹൃദയത്തോടെ (വി. യൗസേപ്പിനെകുറിച്ചുള്ള ഫ്രാൻസിസ് മാർപ്പാപ്പയുടെ അപ്പസ്തോലിക ലേഖനം,)

2. ജപമാല ഭക്തി മരിയ വിജ്ഞാനീയം ലേഖനം

1, മത്സരത്തിന് സാങ്കേതികപ്രശ്നങ്ങൾ നേരിട്ടതിനാൽ SUBMIT- ചെയ്ത 810 പേരിൽ നിന്ന് വിജയികളായ 1, 2, 3 സ്ഥാനകാർക്ക് സമ്മാനങ്ങൾ നൽകി ആദ്യ റൗണ്ട് മത്സരം അവസാനിപ്പിക്കുകയാണ്.

QUIZ. CAT, ROUND- 2 മത്സരം പുതിയ മത്സരം ആയിരിക്കും. ചോദ്യങ്ങളും ഉത്തരങ്ങളും ഗൂഗിൾ ഫോമിൽ ആയിരിക്കും ട്രയൽ മത്സരം നടത്തിയതുപോലെ (ഒരു ഫോൺ ഉപയോഗിച്ച് ചെയ്യാം)

QUIZ. CAT, ROUND 2 രൂപത തലത്തിൽ 1, 2, 3 സ്ഥാനം കിട്ടുന്നവർക്ക് ക്യാഷ് അവാർഡും (2000, 1500,1000,) മെമെന്റോയും നൽകുന്നതാണ്. കൂടാതെ ആദ്യ 25 സ്ഥാനക്കാർക്ക് പ്രോത്സാഹനസമ്മാനങ്ങൾ നൽകുന്നതാണ്

ആദ്യം SUBMIT- ചെയ്യുന്ന ഏറ്റവും കൂടുതൽ മാർക്കുള്ളവരിൽ നിന്നായിരിക്കും വിജയികളെ തിരഞ്ഞെടുക്കുന്നത്.

ആകെ 30 ചോദ്യങ്ങൾ (objective- type). 25 ചോദ്യങ്ങൾ നൽകിയിരിക്കുന്ന പാഠഭാഗത്ത് നിന്നും, 5 ചോദ്യങ്ങൾ, ശുദ്ധീകരണസ്ഥലവുമായി ബന്ധപ്പെട്ടതായിരിക്കും.

ക്വിസിന്റെ ആകെ സമയം 15 മിനിറ്റ് ആയിരിക്കും.

**2021 നവംബർ മാസത്തിലെ പ്രോഗ്രാമുകൾ**

01 തിങ്കൾ – സകല വിശുദ്ധരുടെയും തിരുനാൾ

02 ചൊവ്വ – സകല മരിച്ചവരുടെയും ഓർമ്മ

04 വ്യാഴം - **വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ (മതാധ്യാപകദിന സന്ദേശം)**

05 വെള്ളി - വി. സഖറിയാ, വി. ഏലീശ്വാ

06 ശനി - **മതാധ്യാപക വെബിനാർ 'ALIVE ME 2K21'** (Zoom meet) 8.30pm - 9.30pm

07 ഞായർ - പള്ളിക്കൂദാശക്കാലം 2-ാം ഞായർ, മതാധ്യാപകദിനം, മതാധ്യാപകരെ ഇടവകകളിൽ ആദരിക്കുന്നു.

14 ഞായർ - പള്ളിക്കൂദാശക്കാലം 3-ാം ഞായർ

21 ഞായർ - പള്ളിക്കൂദാശക്കാലം 4-ാം ഞായർ, മിശിഹായുടെ രാജത്വതിരുനാൾ

22 തിങ്കൾ - വി. സിസിലി ഗായകസംഘ വിശുദ്ധ

28 ഞായർ - മംഗലവാർത്താക്കാലം 1-ാം ഞായർ **ക്വിസ് ക്യാറ്റ് റൗണ്ട് II മത്സരം** 2.30 pm – 2.45 pm

30 ചൊവ്വ - അന്ത്രയോസ് ശ്ലീഹാ

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം



# ചെറുപുഷ്പ മിഷൻലീഗ്

## പ്ലാറ്റിനം ജൂബിലി മേഖലാ-ശാഖാതല ഉദ്ഘാടനങ്ങൾ

സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 2 വരെയുള്ള ദിവസങ്ങളിൽ മേഖലാതല ഉദ്ഘാടനങ്ങളും ഒക്ടോബർ മൂന്നാം തീയതി ശാഖാ തലങ്ങളിലും ഉദ്ഘാടനങ്ങളും സംഘടിപ്പിക്കപ്പെട്ടു. അതോടൊപ്പം സ്ഥാപനദിനം ആചരിക്കുകയും പതാക വന്ദനം, ജൂബിലി ശിഖ തെളിയിക്കൽ, ജൂബിലീഗാനാലാപനം, ജൂബിലി പ്രാർത്ഥന, അംഗത്വ സ്വീകരണം, നവീകരണം, ജൂബിലിബാനർ, ജൂബിലി പോസ്റ്റർ പ്രദർശനം, ആദരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും നടത്തി.

## നമ്മുടെ മിഷൻ ഗ്രാമം

ഈ പ്രവർത്തന വർഷത്തിൽ പ്രാർത്ഥിക്കുവാനായി ലഭിച്ചിരിക്കുന്നത് ഫരീദാബാദ് രൂപതയിലെ പഞ്ചാബ് മിഷൻ പ്രദേശങ്ങളെയാണ്. ഈ വർഷം മിഷൻ സഹായ നിധിയിൽ ലഭിക്കുന്ന തുക പഞ്ചാബിലെ മിഷൻ സ്റ്റേഷനുകളിലേയ്ക്കു നല്കി മിഷനെ സഹായിക്കുവാൻ ശാഖകൾ സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## ജപമാല ബാങ്ക്

ജപമാല മാസത്തിൽ, മിഷൻ ഞായറിനോടനുബന്ധിച്ച്, ആഫ്രിക്കൻ മിഷനുവേണ്ടി താമരശ്ശേരി രൂപതാ ചെറുപുഷ്പ മിഷൻ ലീഗ് ജപമാല ബാങ്ക് എന്ന ഒരു പ്രത്യേക ദൗത്യം ഏറ്റെടുത്തിരിക്കുകയാണ്. ആഫ്രിക്കയിലെ ടാൻസാനിയ മിഷൻ പ്രദേശങ്ങളിൽ ഉള്ളവർക്ക് ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ വേണ്ടി സാധിക്കുന്ന അത്രത്തോളം കൊന്തകൾ ശേഖരിക്കുവാൻ ആരംഭിക്കുകയാണ്. നവംബർ 30 വരെയുള്ള സമയം ഇതിനായി നീക്കി വെക്കുകയാണ്. കഴിഞ്ഞ വർഷം 16,000 സമാഹരിക്കുവാൻ നമുക്ക് കഴിഞ്ഞു. വേനപ്പാറ ഇടവകാംഗമായ റവ. ഫാ. ജോൺസൺ കല്ലിടുക്കിൽ MSFS ആണ് ഈ ഉദ്യമത്തിന് നമ്മെ പങ്കാളിയാക്കിയതും നിർദ്ദേശങ്ങൾ നല്കുന്നതും.

## ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ

- പുതിയ കൊന്തകൾ കൂടുതൽ അഭികാമ്യം. പഴയതെങ്കിലും കഴിഞ്ഞ വർഷം കുറേ നല്ല കൊന്തകൾ ലഭിച്ചിരുന്നു. ഈ വർഷവും അങ്ങനെയുള്ളവ സ്വീകരിക്കപ്പെടുന്നതാണ്.
- നേരത്തേ വാങ്ങിയ കൊന്തകൾ ഉപയോഗിക്കാൻ പറ്റുന്നതാണെന്ന് ഉറപ്പാക്കിയെങ്കിൽ നന്നായി വൃത്തിയാക്കിയശേഷം തരുമല്ലോ.
- ഓരോ ശാഖയിലേയും ഭാരവാഹികൾ ബഹു. അച്ചനോട് അനുവാദം ചോദിക്കുകയും സഹായിക്കാൻ സന്നദ്ധരായവരെ കൂടെ കൂട്ടുകയും ചെയ്യേണ്ടതാണ്.

- ഓരോ ശാഖയും കിട്ടിയ കൊന്തയുടെ എണ്ണം രേഖപ്പെടുത്തി തരേണ്ടതാണ്. കൊന്തകൾ കെട്ടു പിണയാതെ ഒരു കവറിൽ / ചെറിയ ബൈൻഡ് തന്നാൽ മതിയാകും.
- കൊന്തകളുടെ എണ്ണത്തിന് പരിമിതി നിർണ്ണയിച്ചിട്ടില്ല; എത്ര എണ്ണം വേണമെങ്കിലും തരാവുന്നതാണ്.
- ശാഖാ ആനിമേറ്റർ സിസ്റ്റേഴ്സ് ഇക്കാര്യങ്ങൾക്കെല്ലാം നേതൃത്വം കൊടുക്കണമെന്ന് അപേക്ഷിക്കുന്നു.
- ശാഖകൾ നേരിട്ടോ മേഖലയിൽ നിന്നും ഒരുമിച്ചോ താമരശ്ശേരി മാർ മങ്കുഴിക്കരി പാസ്റ്ററൽ സെന്ററിലെ രൂപതാ ഓഫീസിലെത്തിക്കുക.
- കൊന്ത വാങ്ങിത്തരുന്നതിനു പകരം പണമായി നല്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ രൂപതാ ഓഫീസിൽ നവംബർ 15 ന് മുൻപ് അറിയിക്കേണ്ടതാണ്.
- ഏറ്റവും കൂടുതൽ കൊന്ത നല്കുന്ന ശാഖയ്ക്ക് കഴിഞ്ഞവർഷം നൽകിയതുപോലെ പോലെ പ്രത്യേകസമ്മാനം ഉണ്ടായിരിക്കും.

### പ്രയാണം ദ്വിദിന ഓൺലൈൻ ക്യാമ്പ്

വാർഷിക പ്രവർത്തന വർഷത്തിലെ പഠനശിബിരമായി നടത്തപ്പെട്ട പ്രയാണം ദ്വിദിന പ്രോഗ്രാം ഒക്ടോബർ 14, 15 തിയ്യതികളിൽ സംഘടിപ്പിച്ചു. ഒക്ടോബർ 14 വ്യാഴാഴ്ച 10 a.m ന് താമരശ്ശേരി രൂപതാ ചാൻസലർ വെരി. റവ. ഫാ. ജോർജ് മുണ്ടനാട്ട് ഉദ്ഘാടനം നിർവ്വഹിച്ച പരിപാടിയുടെ വിശദാംശങ്ങൾ താഴെ നല്കുന്നു.

### ഒക്ടോബർ 14 വ്യാഴം

10.15 am – 11.30 – വ്യക്തിത്വ വികസനം, ഭാവിവിദ്യാഭ്യാസം
ഫാ. അജി പുതിയാപറമ്പിൽ.

3.30 pm – 4.30 pm – സോഷ്യൽ മീഡിയ, ഗുണകരമായ മൊബൈൽ ആപ്ലിക്കേഷൻസ് പരിചയപ്പെടൽ

ഫാ. ജീമോൻ പനച്ചിക്കൽകരോട്ട് (fathertech പാലാ രൂപത)

### ഒക്ടോബർ 15 വെള്ളി

10.00 am 11.00 am – സംഗീതം, കല

ശ്രീ. ബേബി ജോൺ കലയന്താനി (സംഗീത സംവിധായകൻ)

3 pm 4 pm – സാമൂഹ്യ ബന്ധങ്ങൾ, ആരോഗ്യശീലങ്ങൾ

ശ്രീമതി മേരി നീതു. (Social worker, Psy cho-Social Counsellor, national award winner and trainer).

### മിഷൻ ഞായർ 2021

**പതാക വന്ദനം :** താമരശ്ശേരി രൂപതാതല മിഷൻ ഞായർ ആചരണംവെറ്റിലപ്പാറ ഇട

വകയിൽ വച്ച് തോട്ടുമുക്കം മേഖലാ ഡയറക്ടർ റവ. ഫാ. ഡാന്റിസ് കിഴുക്കരക്കാട്ടി ന്റെ നേതൃത്വത്തിൽ, രൂപതാ പ്രസിഡന്റ് ശ്രീ.ജോയ് ജോർജിന്റെ അധ്യക്ഷതയിൽ നിർവ്വഹിക്കപ്പെട്ടു.

**മിഷൻഞായർ സന്ദേശം**

ഈ വർഷത്തെ മിഷൻ ഞായർ സന്ദേശം നൽകിയത് നമ്മുടെ താമരശ്ശേരി രൂപതയുടെ ആദ്യ മിഷൻലീഗ് ഡയറക്ടർ ആയിരുന്ന റവ. ഫാ. വിൻസെന്റ് ഏഴാനിക്കാട്ട് അച്ചനായിരുന്നു. ഞായറാഴ്ച രാവിലെ 7 മണിക്ക് cmlthamarassery YouTube channel ൽ സന്ദേശം പ്രക്ഷേപണം ചെയ്തു.

**ഫിയാത്ത് – മിഷൻ ഞായർ വെബിനാറും രൂപതാ കൗൺസിലും**

മിഷൻ ഞായർ ദിനത്തിൽ എല്ലാ മിഷൻ ലീഗ് അംഗങ്ങൾക്കും വേണ്ടി ഒരു വെബിനാറും ഭാരവാഹികൾക്കു വേണ്ടി രൂപതാ കൗൺസിലും നടത്തി.

ചെറുപുഷ്പമിഷൻ ലീഗ് സംസ്ഥാന ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ വെബിനാർ ഉദ്ഘാടനം നിർവഹിച്ചു. മാനന്തവാടി രൂപതയുടെ PRO റവ. ഫാ. നോബിൾ പാറയ്ക്കൽ വെബിനാർ നയിച്ചു. അതിനു ശേഷം രൂപതാ കൗൺസിൽ യോഗം സംഘടിപ്പിച്ചു.

**മിഷൻ ഞായർ – കോടഞ്ചേരി മേഖല:**

ഒക്ടോബർ 17 ഞായറാഴ്ച വിഷൻ 2021 വെബിനാറും മേഖല മാനേജിങ് കമ്മിറ്റിയും online ആയി നടത്തപ്പെട്ടു. മേഖലാ പ്രസിഡന്റ് അരുൺ കണ്ടത്തിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപത പ്രസിഡന്റ് ശ്രീ. ജോയ് ജോർജ് കുട്ടികൾക്ക് ക്ലാസ്സ് നൽകി. ഈ കാലഘട്ടത്തിൽ എങ്ങനെ തീക്ഷ്ണതയുള്ള ഒരു മിഷനറി ആകാമെന്നതായിരുന്നു ക്ലാസ്സിന്റെ പ്രധാന സന്ദേശം.മേഖലാ ഡയറക്ടർ റവ. ഫാ. ലിബിൻ നെടുമല സ്വാഗതവും മേഖലാ സെക്രട്ടറി സെബിൻ വെള്ളക്കാക്കുടി നന്ദിയും അർപ്പിച്ചു.

കുട്ടികളുടെ ജീവിതത്തിൽ സ്വാധീനം ചെലുത്തിയ ഏതെങ്കിലുമൊരു മിഷനറിയെക്കുറിച്ചു രണ്ട് മിനിറ്റ് വീഡിയോ പ്രസംഗ മത്സരവും നടത്തി.

**പ്രകീർത്തനം**

പ്ലാറ്റിനം ജൂബിലി കൗണ്ട് ഡൗൺ ആരംഭിച്ച ജൂലൈ 20 മുതൽ ഒക്ടോബർ 3 വരെ മിഷൻലീഗ് അംഗങ്ങളുടെ ആത്മീയ ഒരുക്കത്തെ ലക്ഷ്യമാക്കി, വചനവായന, നിയോഗ സമർപ്പണം, ധ്യാന ചിന്ത എന്നിവയെ സഹായിക്കുന്ന പ്രകീർത്തനം എന്ന പേരിൽ ഉള്ള പോസ്റ്റർ നല്കി.

**ജൂബിലികുടുക്ക**

ഓരോ മിഷൻ ലീഗ് അംഗത്തിനും വ്യക്തിപരമായി ജീവകാരുണ്യ പ്രവർത്തനത്തിൽ പങ്കാളിയാകാനുള്ള ഒരു നീക്കിവെക്കൽ; ഒരു ചെറിയ തുക വീട്ടിൽ സ്ഥാപിച്ച കുടുക്കയിൽ സംഭരിച്ച് ശാഖയുടെ പൊതുസംരംഭമാക്കി ജീവകാരുണ്യ പ്രവർത്തനം ലക്ഷ്യമാക്കി നടപ്പിൽ വരുത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

## മേഖലാ ഭാരവാഹികൾ

### Karuvarakundu Mekhala

Vice Director - Sr. Jaise CMC
President - Dinesh Pallikunnel, Karuvarakundu
Vice president - Lilly Joy Moonnanappallil, Karuvarakundu
Secretary - Manju Chencheril, Kalkundu.
Organizer - Celin Joseph Kannamkulam, Kalikavu

### Thamarassery mekhala

President - Babu Chettiparambil, kattipara.
Vice President - Tessy Shaju Narippara, Thalayad
Secretary - Prakash Mathew, Engapuzha
Joint Secretary - Aleena Mathew Chettiparambil, Kattipara
Reg. Org. - Sherly Thekkel, Mylellampara
Organizer - Justin Chirapurath, Mylellampara
Jeejo Pulickal, Chippilithod

### തോട്ടുമുക്കം മേഖല

വൈസ് ഡയറക്ടർ – സി. അർച്ചന
പ്രസിഡന്റ് – അനീഷ് വടക്കേൽ
വൈസ് പ്രസിഡന്റ് – മിനി മാർട്ടിൻ പെരുമന
സെക്രട്ടറി – സിജോ മഠത്തിക്കുഴിയിൽ
ജോയിന്റ് സെക്രട്ടറി – ജിൻസി പൊയിലത്ത്
ഓർഗനൈസേഴ്സ് – ജിനോ തറപ്പുതൊട്ടിയിൽ
അനു തോട്ടുപുറത്ത്

### നവംബർ മാസത്തിലെ ദൈനംദിനപരിപാടികൾ

'മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാം'

1 തിങ്കൾ – സകല വിശുദ്ധരുടെയും തിരുനാൾ
വി.യൗസേപ്പ്പിതാവിനെക്കുറിച്ചുള്ള കവിതാ മത്സരം
2 ചൊവ്വ – സകല മരിച്ചവരുടെയും തിരുനാൾ
4 വ്യാഴം – വി. ചാൾസ് ബറോമിയോ
(മതാദ്ധ്യാപകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ)
5 വെള്ളി – വി സഖറിയാസ്, എലിസബത്ത് തിരുനാൾ
13 ശനി – രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്
20 ശനി – പരി. കന്യകാമറിയത്തിന്റെ കാഴ്ചവെപ്പ് തിരുനാൾ

21 ഞായർ – മിശിഹായുടെ രാജത്വതിരുനാൾ
വിശ്വാസപ്രഘോഷണ റാലി
ക്രിസ്തുരാജാ ഫ്രാൻസി ഡ്രസ്സ് മത്സരം (തിരുബാലസഖ്യം)

22 തിങ്കൾ – വി.സിസിലിയുടെ തിരുനാൾ
(ഗായകസംഘം മദ്ധ്യസ്ഥ)

27 ശനി – രൂപതാ മാനേജിംഗ് കമ്മിറ്റി (ഇലക്ഷൻ)

28 ഞായർ – ക്രിസ്തുമസ് സുകൃതമഞ്ജരി നൽകുന്നു.
"സുകൃത മരം"
– മംഗളവാർത്ത ഒന്നാം ഞായർ
ഉണ്ണീശോയ്ക്ക് ഉടുപ്പ് ആരംഭം (തിരുബാലസഖ്യം)

***'വളരാൻ വളർത്താൻ'***

- പ്രയർസെൽ ചേർന്ന് പ്രാർത്ഥിക്കുക
- മിഷൻ അനുഭവങ്ങൾ, ഡോക്യുമെന്ററികൾ നൽകൽ
- വിശുദ്ധരെ അറിയാം – വി. സിസിലി

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്



# വിവിധ സന്യാസിനീ സമൂഹങ്ങളിൽ പ്രഥമ വ്രതവാഗ്ദാനം നടത്തിയ സ്നേഹം നിറഞ്ഞ സിസ്റ്റേഴ്സിന് താമരശ്ശേരി രൂപതയുടെ പ്രാർത്ഥനാശംസകൾ...


Sr. Nithya MSJ


Sr. Mariya MSJ


Sr. Jesteena MSJ


Sr. Jomi Joseph FCC


Sr. Aparna FCC


Sr. Mable SABS


Sr. Linisha SABS

# തിരുബാലസഖ്യം

### ഫീസ്റ്റ് കാർഡ് നിർമ്മാണ മത്സരം

First prize

മരീന പുതിയേടത്ത്, കൂടരഞ്ഞി

Second prize

റോണിറ്റ് ഓണാട്ട്, മരഞ്ചാട്ടി
ടെസ്സ പാറയ്ക്കൽ, കൂടരഞ്ഞി

Third prize

റോസ് ഉറുമ്പിൽ, തേഞ്ഞിപ്പാലം
മിലൻ തറപ്പേൽ , കാറ്റുള്ളമല

### സാന്താ സിസിലിയാ ക്വയർ ടീം

നവംബർ 22 ന് ഗായക സംഘങ്ങളുടെ സ്വർഗ്ഗീയ മധ്യസ്ഥ കന്യകയും രക്തസാക്ഷിയുമായ വി. സിസിലിയുടെ തിരുനാളിനോടനുബന്ധിച്ച് തിരുബാലസഖ്യം കുട്ടികൾക്കായി ഒരുക്കുന്ന ഒരു പ്രോഗ്രാം. ഈ വർഷത്തെ മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്നതു പോലെ നല്ല ക്രിസ്ത്യൻ ഭക്തി ഗാനങ്ങൾ കരോക്കെ ഉപയോഗിച്ച് പാടി അയയ്ച്ചു തരണം. അതിൽ നിന്ന് തെരെഞ്ഞെടുക്കപ്പെടുന്നവർക്കു വേണ്ടി ഒരു സാന്താ സിസിലിയ കൊയർ ടീം രൂപീകരിക്കുന്നു. 8606 203117 എന്ന ടെലഗ്രാം നമ്പറിൽ അയയ്ക്കുന്ന എൻട്രിയിൽ പേര്, വീട്ടുപേര്, ഇടവക, ഫോൺ നമ്പർ, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

### ക്രിസ്തു രാജാ ഫാൻസി ഡ്രസ് മത്സരം

നിബന്ധനകൾ

1 നവംബർ 21 നോടനുബന്ധിച്ച് നടത്തപ്പെടുന്ന രൂപതാതല മത്സരമാണിത്. താമരശ്ശേരി രൂപതയിലെ തിരുബാലസഖ്യാംഗങ്ങൾക്കുമാത്രമായി സംഘടിപ്പിക്കുന്നു. കഴിഞ്ഞ വർഷത്തെ പോലെ തന്നെ ഈ മത്സരം ആൺ കുട്ടികൾക്ക് വേണ്ടി മാത്രമാണ്

2 ഒരു ഇടവകയിൽ നിന്നും 2 പേർ മാത്രമേ പങ്കെടുക്കാവൂ എന്ന് പ്രത്യേ കം അറിയിക്കുന്നു.

3 തിരുബാലസഖ്യത്തിന്റെ ഇടവകാ ആനിമേറ്റർമാരാണ് ഇടവകയിലെ 2 പേരെ തിരഞ്ഞെടുക്കേണ്ടത്. രൂപതാ ഓഫീസ് വാട്ട്സപ്പ് നമ്പറായ 8606203117 ലേക്ക് പേര്, വീട്ടുപേര്, ഇടവക, മതബോധന ക്ലാസ്സ്, പാസ്പോർട്ട് സൈസ് ഫോട്ടോ (റിസൾട്ട് പോസ്റ്ററിൽ കൊടുക്കാൻ) എന്നിവ അയയ്ക്കേണ്ടതാണ്.

4 അരമിനിറ്റിന്റെ ഒരു വീഡിയോയാണ് ഇപ്രാവശ്യം മത്സരത്തിനായി അയയ്ക്കേണ്ടത്, അതിൽ ഭംഗിയായ വേഷവിതാനത്തോടൊപ്പം പ്രാർത്ഥന, ഗാനം, വിവരണം അങ്ങനെ എന്തെങ്കിലും കാര്യങ്ങൾ ഉൾപ്പെടുത്താവുന്നതാണ്; ആശയ വ്യക്തത ഉണ്ടാവണം.

5 വീഡിയോയിൽ ക്രിസ്തു രാജന്റെകൂടെ മറ്റു അഭിനേയതാക്കളുൾക്കൊള്ളുന്ന 4 അംഗങ്ങളെ വരെ ഉൾപ്പെടുത്താവുന്നതാണ്.

6 വീഡിയോ ലഭിക്കേണ്ട അവസാന ദിവസം നവംബർ 24 ബുധൻ 9 pm.

7 ഇടവക ആനിമേറ്റേഴ്സ് ഏറ്റവും നന്നായി പ്രോഗ്രാം ചെയ്യുന്ന 2 പേരെ തെരെഞ്ഞെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു

**നവംബർ മാസത്തിലെ ദൈനംദിന പരിപാടികൾ**

| | | |
|---|---|---|
| പരിചയപ്പെടുന്ന വിശുദ്ധ | : | വി. സിസിലി |
| പ്രാർത്ഥനാ നിയോഗം | : | എല്ലാ കുടുംബങ്ങൾക്കുംവേണ്ടി |
| സുകൃതജപം | : | ഉണ്ണീശോയെ ഞങ്ങളുടെ മേൽ കരുണയായിരിക്കണമേ |
| വചനം | : | കർത്താവേ അങ്ങേയ്ക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും. (ലൂക്കാ 5:12) |
| 1 തിങ്കൾ | : | സകല വിശുദ്ധരുടെയും തിരുനാൾ |
| 2 ചൊവ്വ | : | സകല മരിച്ചവരുടെയും തിരുനാൾ |
| 4 വ്യാഴം | : | വി. ചാൾസ് ബെറോമിയോ മതാദ്ധ്യാപക വിശുദ്ധൻ) |
| 5 വെള്ളി | : | വി. സക്കറിയാസ് എലിസബത്ത് തിരുനാൾ |
| 7 ഞായർ | : | മത്താ. 12:1-13, ഹെബ്രാ. 8:1-6 |
| 14 ഞായർ | : | യോഹ. 2:13-22, ഹെബ്രാ. 9:5-15 |
| 19 വെള്ളി | : | ലോകമാതൃദിനം |
| 21 ഞായർ | : | ക്രിസ്തുരാജന്റെ തിരുനാൾ (ഫാൻസി ഡ്രസ്സ്) മത്താ. 22:41-46, ഹെബ്രാ. 9:16-28 |
| 22 തിങ്കൾ | : | വി. സിസിലിയുടെ തിരുനാൾ. (ഗായകസംഘം സ്വർഗ്ഗീയ മദ്ധ്യസ്ഥ) |
| 28 ഞായർ | : | മംഗളവാർത്ത ഒന്നാം ഞായർ. ക്രിസ്തുമസ് ഫ്രണ്ടിനെ തെരഞ്ഞെടുക്കുക ലൂക്കാ 1:5-25, എഫേ. 5:21-6:4 |
| പ്രവൃത്തി | : | ശുദ്ധീകരണാത്മാക്കൾക്കു വേണ്ടിപ്രാർത്ഥിക്കാൻ കുട്ടികളെ പഠിപ്പിക്കുക |

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# സെമിനാരി വാർത്തകൾ

## പ്ലസ്സ് വൺ - പരീക്ഷ

ഈ വർഷം ആദ്യം നടക്കേണ്ടിയിരുന്ന പ്ലസ് വൺ വാർഷിക പരീക്ഷ സെപ്തം 24ന് ആരംഭിച്ച ഒക്ടോബർ 13 ആരംഭിച്ചു. സെമിനാരിയിലെ മൂന്നാംവർഷ വൈദികവിദ്യാർത്ഥികൾ കോടഞ്ചേരി സെന്റ്. ജോസഫ് ഹയർ സെക്കന്ററി സ്കൂളിൽ പോയി പരീക്ഷയെഴുതി.

## അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാൾ

താമരശ്ശേരി രൂപതയുടെ ഇടയനായ അഭിവന്ദ്യ മാർ റെമിജിയൂസ് പിതാവിന്റെ നാമഹേതുകതിരുനാൾ രൂപത സാഘോഷം കൊണ്ടാടി. അന്നേദിവസം രാവിലെ താമരശ്ശേരി രൂപതാ കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ദിവ്യബലിയിലും അതിനോട് ചേർന്ന് രൂപതാ ഭവനത്തിൽ ഒരുക്കിയ പ്രഭാത ഭക്ഷണത്തിലും സെമിനാരിയിലെ വൈദികരും വൈദിക വിദ്യാർത്ഥികളും പങ്ക് ചേരുകയും അഭിവന്ദ്യ പിതാവിന് ആശംസ അറിയിക്കുകയും ചെയ്തു.

അന്നേദിവസം സായാഹ്നത്തിൽ അഭിവന്ദ്യ പിതാവിന്റെ നാമഹേതുകതിരുനാൾ സെമിനാരിയിലെ വൈദികരുടെ നേതൃത്വത്തിൽ സെമിനാരി വൈദിക വിദ്യാർത്ഥികൾ അണിയിച്ചൊരുക്കിയ കലാപരിപാടികളോടൊപ്പം സമുചിതമായി ആഘോഷിച്ചു. രൂപതാ വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട മോൺ. ജോൺ ഒറവുങ്കര പിതാവിന് ആശംസകൾ അറിയിച്ച് സംസാരിച്ചു. രൂപതാ ഭവനത്തിലെയും സെമിനാരിയിലെയും വൈദികരും സിസ്റ്റേഴ്സും ബ്രദേഴ്സും മറ്റംഗങ്ങളും ആഘോഷങ്ങളിൽ പങ്കുചേർന്നു.

## എക്സ്റ്റൻഷൻ ലക്ചർ

ആധുനിക കാലഘട്ടത്തിൽ അവകാശനിഷേധത്തിന്റെ ഇരകളായ ക്രൈസ്തവസമൂഹം മാറുമ്പോൾ, നാളെയുടെ അജപാലകർ എന്ന നിലയിൽ നമ്മുടെ സമൂഹത്തിന്റെ അവകാശങ്ങളെക്കുറിച്ച് വൈദികവിദ്യാർത്ഥികൾ ബോധ്യമുള്ളവരായിരിക്കണമെന്ന അവശ്യകതയെ മുൻനിർത്തി, സെമിനാരി വൈദികർ വൈദികവിദ്യാർത്ഥികൾക്കായി ഇ. ഡബ്ളിയു.എസ്. സംവരണത്തെക്കുറിച്ചും ന്യൂനപക്ഷ അവകാശങ്ങളെക്കുറിച്ചും ഒരു സെമിനാർ സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട ഫാ. മാത്യു തൂമുള്ളിൽ സെമിനാർ നയിച്ചു.

## ഹോം ഡേയ് മത്സരങ്ങൾ

സെമിനാരി കുടുംബത്തിന്റെ സാഹോദര്യവും സ്നേഹവും ദൃശ്യമാകുന്ന ഹോം ഡേ ആഘോഷം നടത്തി. വൈദികവിദ്യാർത്ഥികളുടെ കഴിവുകൾ വളർത്തിയെടുക്കുന്ന ഹോംഡേയ് മത്സരങ്ങൾ ഒക്ടോബർ 19ന് ആരംഭിച്ചു. സെമിനാരി വിദ്യാർത്ഥികൾ രണ്ട് ഗ്രൂപ്പുകളായിത്തിരിഞ്ഞ് വാശിയോടും പരസ്പര ബഹുമാനത്തോടുമുള്ള ഹോംഡേയ് മത്സരങ്ങൾ വൈദിക വിദ്യാർത്ഥികളെ വ്യക്തിത്വ വികസനത്തിലും കൂട്ടായ്മയുടെ നന്മയിലും വളർത്തുന്നു.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ പഠന പരമ്പരയിലെ ഒക്ടോബർ മാസത്തെ ക്ലാസുകൾ നടന്നു. ഒക്ടോബർ 9 ന് ക്ലാസെടുത്തത് സീറോ മലബാർ സെൻട്രൽ ലിറ്റർജി കമ്മീഷൻ അംഗവും തൃശ്ശൂർ മേരിമാതാ മേജർ സെമിനാരി അധ്യാപകനുമായ ബഹു. ഡോ. ബിൽജു വാഴപ്പിള്ളി അച്ചനായിരുന്നു.

'വിശുദ്ധ കുർബാന: വിശ്വാസത്തിന്റെ സവിശേഷമായ ആഘോഷം' എന്ന വിഷയമാണ് അദ്ദേഹം എടുത്തത്. കഴിഞ്ഞ ക്ലാസ്സിന്റെ തുടർച്ചയായിരുന്നു ഇത്. ഒക്ടോബർ 30 ശനിയാഴ്ച ക്ലാസ് നയിച്ചത് എം സി ബി എസ് സന്യാസ സമൂഹാംഗവും വിവിധ മേജർ സെമിനാരികളിൽ അധ്യാപകനുമായ ബഹു ഡോ. തോമസ് പൊട്ടംപറമ്പിൽ അച്ചനാണ്. 'ആരാധനക്രമവും ഭക്താനുഷ്ഠാനങ്ങളും' എന്നതായിരുന്നു വിഷയം. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 100 ഓളം പേർ സൂം മീറ്റിലൂടെ ഈ ക്ലാസുകളിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം നൽകുന്ന ഈ ക്ലാസ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്.

ഈ ക്ലാസ്സിന് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തരുന്ന പോപ്പ് ജോൺ പോൾ സെക്കൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. കുര്യൻ പുരമഠത്തിലച്ചനും പി. എം.ഒ.സി ഡയറക്ടർ ബഹു. ഫിലിപ്പ് ചക്കുംമൂട്ടിലച്ചനും റിജോ കൂത്രപ്പള്ളി, ജോബിൻ പഴംപ്ലാക്കൽ എന്നിവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

## സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ്

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഈ ക്ലാസ്സിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 118 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്. എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 മണി വരെ ഗൂഗിൾ മീറ്റിലൂടെയാണ് ക്ലാസ് നടത്തുന്നത്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# അഭിനന്ദനങ്ങൾ .....
# പ്രാർത്ഥനകൾ....



## സി.എം.സി. താമരശ്ശേരി പ്രൊവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ ടീം അംഗങ്ങൾക്ക് താമരശ്ശേരി രൂപതയുടെ പ്രാർത്ഥനാശംസകൾ

വലത്തുനിന്ന് : സി. ആഗ്നസ് മരിയ (പ്രൊവിൻഷ്യൽ സെക്രട്ടറി), സി. റെനി ജോസ് (കൗൺസിലർ), സി. ഡാനി ജോൺ (കൗൺസിലർ), **സി. പവിത്ര റോസ് (പ്രൊവിൻഷ്യൽ)**, സി. ഉദയ (വികാർ പ്രൊവിൻഷ്യൽ), സി. കുസുമം ജോർജ്ജ് (കൗൺസിലർ), സി. സാങ്റ്റ മരിയ (ഇന്റേണൽ ഓഡിറ്റർ), സി. ഡെയ്സി (ഫിനാൻസ് സെക്രട്ടറി)

# വിദ്യാഭ്യാസരംഗം

## സ്കൂൾ തുറക്കൽ; മുന്നൊരുക്കങ്ങൾ പൂർത്തീകരിച്ചു.

കോവിഡ് പ്രതിസന്ധി മൂലം കഴിഞ്ഞ ഒന്നര വർഷക്കാലമായി അടഞ്ഞുകിടന്ന സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങൾ 2021 നവംബർ 1  മുതൽ പ്രവർത്തനമാരംഭിക്കുകയാണ്. ഇതിനു മുന്നോടിയായി സ്കൂൾ നവീകരണ, ശുചീകരണ പ്രവർത്തനങ്ങൾ ഏകദേശം പൂർത്തിയായിട്ടുണ്ട്.കോർപ്പറേറ്റ് മാനേജർ വിവിധ വിദ്യാലയങ്ങൾ സന്ദർശിച്ച് പ്രവർത്തന പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശം നൽകുകയുംചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാ ക്കാനും  പ്രധാനാധ്യാപകരോട് നിർദ്ദേശിച്ചിട്ടുണ്ട്. മാനേജ്മെന്റ്, പി ടി എ, അധ്യാപകർ, അനധ്യാപകർ, സന്നദ്ധ സംഘടനകൾ എന്നിവരുടെ കൂട്ടായ സഹകരണത്തോടെ മുഴുവൻ കോർപ്പറേറ്റ് സ്കൂളുകളിലും ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായിട്ടുണ്ട്.

## പ്രധാനധ്യാപക യോഗം

കോർപ്പറേറ്റ് സ്കൂൾ പ്രധാനധ്യാപകരുടെ യോഗം 27/10/2021 ബുധനാഴ്ച രൂപതാഭവൻ ഓഡിറ്റോറിയത്തിൽ അഭിവന്ദ്യ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. കഴിഞ്ഞ വർഷത്തെ SSLC, +2 പരീക്ഷകളിൽ ഉന്നത വിജയം നേടിയ സ്കൂളുകളെ അഭിവന്ദ്യ പിതാവ് പ്രത്യേകം അഭിനന്ദിച്ചു. കോവിഡ് മഹാമാരിയുടെ പരിമിതികൾ മറികടന്ന് വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകിയ അധ്യാപകരുടെ സേവനം പിതാവ് എടുത്തുപറഞ്ഞു. പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാകണമെന്നും, പഠിതാക്കൾക്ക് യാതൊരു കുറവും ഉണ്ടാകാതെ നോക്കണമെന്നും രൂപതാധ്യക്ഷൻ ആവശ്യപ്പെട്ടു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട് പ്രധാന അധ്യാപകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി എല്ലാ സ്കൂളുകളും സന്ദർശിക്കാൻ ഉദ്ദേശിക്കുന്നതായി അദ്ദേഹം യോഗത്തെ അറിയിച്ചു. ഹെഡ്മാസ്റ്റേഴ്സ് ഫോറം പ്രസിഡന്റ് അഗസ്റ്റിൻ ജോർജ് സ്വാഗതവും സെക്രട്ടറി ജേക്കബ് കെ. വി നന്ദിയും പറഞ്ഞു.

## പുന്നക്കൽ ഹൈസ്കൂൾ കോർപ്പറേറ്റിനു കീഴിൽ

പുന്നക്കൽ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റിൽ ലയിപ്പിച്ചതുമായി ബന്ധപ്പെട്ട നിയമ തടസ്സങ്ങൾക്ക് പരിഹാരമായി. ഈ സ്കൂൾ 01/08/2012 മുതൽ കോർപറേറ്റ് എഡ്യൂക്കേ ഷണൽ ഏജൻസിയിൽ ഉൾപ്പെടുത്തിയതും ആയതിന് അംഗീകാരം നൽകിയ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിയും ശരിവെച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

### അധ്യാപകനിയമനം: അപേക്ഷ ക്ഷണിക്കുന്നു

കോർപ്പറേറ്റ് സ്കൂളുകളിൽ ഭാവിയിൽ ഉണ്ടാകാനിടയുള്ള ഒഴിവു കളിൽ നിയമിക്കപ്പെടുന്നതിന് താഴെ പറയുന്ന വിഷയങ്ങളിൽ നിശ്ചിത യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് 2021 നവംബർ 20 ന് മുൻപായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**വിഷയങ്ങൾ:** ഫിസിക്കൽ എഡ്യൂക്കേഷൻ (പി.ഇ.ടി), സംസ്കൃതം, ഉറുദു, ഹിന്ദി.

### ആദരാഞ്ജലികൾ

മരുതോങ്കര സെന്റ് മേരിസ് എൽ.പി. സ്കൂളിൽ നിന്നും പ്രധാനധ്യാ പികയായി റിട്ടയർ ചെയ്ത സി. അന്ന ഡോമിറ്റില്ല (സി. ഫ്ളോറ എസ്.എ. ബി.എസ്) സെപ്റ്റംബർ 25 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സിസ്റ്ററിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

**ഫാ. ജോസഫ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ

## സ്റ്റാർട്ട്

### Residential Master Training Course (MTC)

നമ്മുടെ രൂപതാ സ്ഥാപനമായ സ്റ്റാർട്ടിന്റെ ഏറ്റവും പ്രധാനപരിശീലനപരിപാടി പ്ലസ്ടുകഴിഞ്ഞ കുട്ടികൾക്കുവേണ്ടി നടത്തിവരുന്ന ഒരുവർഷംനീളുന്ന തീവ്രപരിശീലന കോഴ്സ് ആണല്ലോ. അഭിരുചിക്ക് ചേർന്നവിധത്തിലുള്ള വിഷയങ്ങൾ തിരഞ്ഞെടുക്കുവാനും തിരഞ്ഞെടുത്ത വിഷയങ്ങൾ രാജ്യത്തെ ഉന്നത യൂണിവേഴ്സിറ്റികളിൽ ചേർന്ന് പഠിക്കുവാനും ഉള്ള സാഹചര്യം സ്റ്റാർട്ട് ഒരുക്കുന്നു. അതോടൊപ്പം UPSC, PSC, മറ്റ് തൊഴിലധിഷ്ഠിതമായ മത്സരപരീക്ഷകൾ എന്നിവയ്ക്കും ഈ പരിശീലനം പ്രയോജനപ്പെടും. ആശയവിനിമയ പാടവം വളർത്തിയെടുക്കുന്നതോടൊപ്പം വ്യക്തിത്വ വികസനവും, മൂല്യബോധവും, സഭാ സമുദായസ്നേഹവും വിശ്വാസ ചൈതന്യവും വളർത്തിയെടുക്കാനും ഈ കോഴ്സ് സഹായിക്കുന്നു.

2021-22 ബാച്ചിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനം നമ്മൾ തീവ്രമായി നൽകിവരുന്നുണ്ട്. മാറിവരുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ അവർക്കുവേണ്ടി മൂന്നുമാസത്തെ താമസിച്ചുള്ള തീവ്രപരിശീലനം കൂടി 2022 ജനുവരി 3 തിങ്കളാഴ്ച മുതൽ ആരംഭിക്കുകയാണ്. ഓൺലൈൻ പഠനത്തിനുശേഷം മുന്ന്മാസത്തെ താമസിച്ചുള്ള ഈ പരിശീലനം കൂടിയാകുമ്പോൾ കുട്ടികൾക്ക് അവർ പ്രതീക്ഷിക്കുന്ന വിജയം കൈവരിക്കാൻ സാധിക്കും എന്നുറപ്പാണ്. അതിനാൽ, കഠിനാദ്ധ്വാനംചെയ്ത് പഠിക്കാൻസന്നദ്ധരായവർ അപേക്ഷിച്ചാൽ ഈ ബാച്ചിൽത്തന്നെ അഡ്മിഷൻ തരുന്നതാണ്.

കൂടാതെ ഡിഗ്രിക്ക് മറ്റ് പഠനമാർഗങ്ങൾ തിരഞ്ഞെടുക്കുന്നവർക്ക് പഠനത്തോടൊപ്പം ഈ കോഴ്സിൽ പങ്കെടുക്കുകയാണെങ്കിൽ മുന്നോട്ടുള്ളഅവരുടെ പഠനരംഗത്തും മത്സരപരീക്ഷാരംഗത്തും ഉന്നതവിജയം കൈവരിക്കാൻ സാധിക്കും.

ഡിഗ്രിപഠനത്തിനുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഒരിക്കൽക്കൂടി ഈ മെസ്സേജ് നമ്മുടെ വീടുകളിൽ എത്തിക്കാൻ കഴിഞ്ഞാൽ ഒത്തിരി നന്നായിരുന്നു.

**PSC പരിശീലനകോഴ്സ്: SPARK 2, സ്റ്റാർട്ട്‌ലൈറ്റ് ഇ ലേർണിംഗ് പ്രോഗ്രാം**

ഈ വർഷം ഡിഗ്രി, പിജിപഠിക്കുന്നവരും പഠിച്ചുകഴിഞ്ഞവരുമായയുവജനങ്ങൾക്കുവേണ്ടി PSC, UPSC, മറ്റ് ഉന്നത മത്സരപരീക്ഷകൾ എന്നിവയ്ക്ക് നന്നായി ഒരുങ്ങുന്നതിനായി മെയ് 15 ന്ആരംഭിച്ച നാലുമാസം ദീർഘിക്കുന്ന ഓൺലൈൻ പഠനപരിശീലനപരിപാടിയുടെ രണ്ടാമത്തെ ബാച്ച് സെപ്റ്റംബർ 10ന് ആരംഭിച്ച് തുടർന്ന് പോകുന്നു. മുൻ ബാച്ചിൽനിന്ന് വ്യത്യസ്തമായി ആറുമാസമാണ് ഈ കോഴ്സിന്റെ കാലാവധി.

അതോടൊപ്പം സ്റ്റാർട്ടും ക്രിസ്റ്റീനും സംയുക്തമായി അഞ്ചാം ക്ലാസ്സുമുതലുള്ള കുട്ടികൾക്കുവേണ്ടി ഏപ്രിൽ, മെയ് മാസങ്ങളിൽ ആരംഭിച്ച കോഴ്സിന്റെ അഡ്വാൻസ്ഡ് ലെവൽ കോഴ്സും ഓൺലൈനായി നടത്തിവരുന്നു.

സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 0495 2357843, 8590468035 (whatsapp), e-mail: startindia@gmail.com

**ഫാ. ആന്റണി കാരികുന്നേൽ**
അസി. ഡയറക്ടർ

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

**കോൺവൊക്കേഷൻ**

അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ കൗൺസിലിംങ് സൈക്കോളജി 20-21 ബാച്ചിന്റെ കോൺവൊക്കേഷൻ 09.10.2021 ന് നടത്തപ്പെട്ടു. പ്രസ്തുത ചടങ്ങിൽ ജെ പി ഐ ഡയറക്ടർ ഡോ. കുര്യൻ പുരമഠം ഏവർക്കും ഹൃദ്യമായ സ്വാഗതമേകി. മുഖ്യാതിഥിയായ കോഴിക്കോട് കോർപറേഷൻ മേയർ ഡോ. ബീന ഫിലിപ്പ് ഉദ്ഘാടനകർമ്മം നിർവഹിച്ച് 45 വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ നല്കി. പരമ്പരാഗത വിദ്യാഭ്യാസ വഴിയിൽ നിന്ന് വേറിട്ട് ഇന്നത്തെ സമൂഹത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് മാറി ചിന്തിക്കുവാനും തദാനുസാരം ജീവിതങ്ങളെ രൂപപ്പെടുത്തുവാനും ചുവടുകൾ വച്ച വിദ്യാർത്ഥികളെ മേയർ അഭിനന്ദിച്ച് ആശംസകളർപ്പിച്ചു. വിശിഷ്ടാഥിതികളായ കോഴി

ക്കോട് കോർപറേഷൻ കൗൺസിലർ അൽഫോൻസ, സൈക്കോളജി ഡിപ്പാർട്ട്മെന്റ് ഹെഡ് ഫാ. ആന്റണി, ജെപിഐ ഡയറക്ടർ ഡോ. കുര്യൻ പുരമഠം, എന്നിവർ ആശംസകളർപ്പിച്ചു.

### ഇന്റർനാഷണൽ വെബ്നാർ

ഒക്ടോബർ 10 ന് ലോകമാനസികാരോഗ്യ ദിനത്തോടനുബന്ധിച്ച് "അസമത്വ ലോകത്തിലും മാനസിക ആരോഗ്യം ഉറപ്പുവരുത്താം" എന്ന വിഷയത്തെ ആസ്പദമാക്കി ഇന്റർനാഷണൽ വെബ്നാർ നടത്തി. താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര വെബ്നാർ ഉദ്ഘാടനം ചെയ്തു. ഡോ. ജിമ്മി ആന്റണി അക്കാട്ട് സി എസ് റ്റി, ഹെഡ് ഓഫ് ദ് ഡിപ്പാർട്ട്മെന്റ് വൈ ഐ എം എസ് പാലക്കാട്, നടത്തിയ വിവരദായകവും പ്രചോദനാത്മകവും ചിന്തോദീപകവുമായ പ്രഭാഷണം വിദ്യാർത്ഥികൾക്ക് പ്രയോജനകരമായി. എല്ലാ മേഖലയേയും ഏറെ ബാധിച്ച കോവിഡ് മഹാമാരിക്കെതിരെ ഒന്നേമുക്കാൽ വർഷത്തിലധികമായി പോരാടുന്ന ഈ ലോകത്തിൽ, മാനസികാരോഗ്യത്തിൽ ശ്രദ്ധ ചെലുത്തുന്നതിന്റെ ആവശ്യകത ഊന്നി പറഞ്ഞ് "Suicide in covid pandemic" എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. രെജിൻ കൺസൾട്ടന്റ് സൈക്യാട്രി MHC കോഴിക്കോട് അർത്ഥവത്തായ പ്രഭാഷണം നടത്തി.

### കൗൺസിലിംഗ്

ശരീരത്തെ മാത്രമല്ല മനസിനേയും രോഗാതുരമാക്കുന്ന ഇന്നത്തെ ജീവിതരീതികളിലും ശൈലികളിലും സാഹചര്യങ്ങളിലും ചെറുത്തുനിൽപ്പിന്റെ പ്രതിരോധം സൃഷ്ടിക്കുവാനും, നിലവിലുള്ള മാനസികാരോഗ്യത്തെ വർദ്ധിപ്പിക്കുവാനും, മാനസികമായ പ്രശ്നങ്ങളും പ്രതിസന്ധികളും അഭിമുഖീകരിക്കുന്നവരിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുവാനും, മേന്മയുള്ള ജീവിതം രൂപപ്പെടുത്തുവാനും സഹായിക്കുക എന്ന ലക്ഷ്യത്തോടെ ജെപിഐ യിൽ തികച്ചും സൗജന്യമായി കൗൺസിലിംഗ് നടത്തപ്പെടുന്നു.

### ഓൺലൈൻ കോഴ്സുകൾ

1. എംഎസ് സി കൗൺസിലിംഗ് സൈക്കോളജി
2. ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി
3. ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് മലയാളം
4. ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് ഇംഗ്ലീഷ്
5. സിസ്റ്റേഴ്സിനു മാത്രമായുള്ള ഡിപ്ലോമ കോഴ്സ് എന്നീ കോഴ്സുകൾ നടത്തപ്പെടുന്നു.

### അഡ്മിഷൻ തുടരുന്നു

1. എം എസ് സി കൗൺസിലിംഗ് സൈക്കോളജി
2. ഡിപ്ലോമ ഇൻ കൗൺസിംഗ് സൈക്കോളജി

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# മാതൃവേദി

മാതൃവേദിയുടെ നവംബർ മാസത്തിലെ പഠന വിഷയം ഗ്രീൻ & ക്ലീൻ ആണ്. കുടുംബത്തിലേക്ക് ആവശ്യമായ പച്ചക്കറികളിൽ സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യത്തോടുകൂടി മാതൃവേദി യൂണിറ്റുകൾ പച്ചക്കറി കൃഷിക്ക് ആവശ്യമായ പ്രോത്സാഹനങ്ങൾ അതത് ഇടവകകളിലെ അമ്മമാർക്ക് നൽകേണ്ടതാണ്.

സകല മരിച്ചവരേയും ഓർമിക്കുന്ന നവംബർ മാസത്തിൽ ശുദ്ധീകരണ ആത്മാക്കൾക്കുവേണ്ടിയുള്ള ലുത്തിനിയ കുടുംബ പ്രാർത്ഥനയിൽ പ്രത്യേകമായി ഉൾപ്പെടുത്തുക, തങ്ങളുടെ കുടുംബങ്ങളിൽ നിന്നും മരിച്ചുപോയവർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക എന്നിവ മാതൃവേദി അംഗങ്ങളുടെ കടമകളാണ്.

നവംബർ മാസത്തിൽ മാതൃവേദിയുടെ നേതൃത്വത്തിൽ യൂണിറ്റിലെ എല്ലാ കുടുംബങ്ങളിലും ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ വരുത്തുന്നതിനു സഹായകമായ ക്രമീകരണങ്ങൾ ചെയ്യണം.

## അഖണ്ഡജപമാല

രൂപത സമിതി ക്രമീകരിച്ചതനുസരിച്ച് മേഖലകളുടെ നേതൃത്വത്തിൽ എല്ലാ ഇടവകകളിലെയും അമ്മമാരെ ഉൾപ്പെടുത്തി ഒക്ടോബർ 1 മുതൽ 31 വരെ അഖണ്ഡ ജപമാല നടന്നു.

## ജപസന്ധ്യ

ജപമാല മാസത്തിനൊരുക്കമായുള്ള വെബിനാർ ജപസന്ധ്യ സെപ്റ്റംബർ 26 ഞായറാഴ്ച 3.30 ഗൂഗിൾ മീറ്റ് വഴി സംഘടിപ്പിച്ചു റവ. ഫാ. ജോൺ പള്ളിക്കാവയലിൽ സെമിനാർ നയിച്ചു. രൂപത ഡയറക്ടർ ഫാ. പ്രിയേഷ് തേവടിയിൽ, സി. ഫിലോ, ദീപ റെജി, ട്രീസ സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

## ആശംസ

ഒക്ടോബർ 1ന് നാമഹേതുക തിരുനാൾ ആഘോഷിച്ച രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന് മാതൃവേദി ആശംസകൾ നേർന്നു.

## ജീവന്റെ സംരക്ഷണം

അന്തർദേശീയ സീറോ മലബാർ മാതൃവേദി സംഘടിപ്പിച്ച ജീവന്റെ സംരക്ഷണം എന്ന വെബിനാറിൽ രൂപതയിൽ നിന്നുള്ള അമ്മമാർ പങ്കെടുത്തു. വിവിധ രൂപതകളിൽ നിന്നും 6 ൽ കൂടുതൽ മക്കളുള്ള കുടുംബങ്ങളെ ചടങ്ങിൽ അഭിവന്യ മാർ ജോസ് പുളിക്കൽ പിതാവ് ആദരിച്ചു. താമരശ്ശേരി രൂപതയിൽ നിന്നുള്ള 8 കുടുംബങ്ങൾ ആണ് ഇന്റർനാഷണൽ മാതൃവേദിയുടെ ആദരം ഏറ്റുവാങ്ങിയത്.

## പരിശുദ്ധ അമ്മക്ക് അരികെ

ഇന്റർനാഷണൽ മാതൃ വേദിയുടെ യൂട്യൂബ് ചാനലിൽ താമരശ്ശേരി രൂപത പ്രസിഡൻറ് ദീപ റെജി ജപമാല സന്ദേശം നൽകി.

## യൂണിറ്റ് സന്ദർശനങ്ങൾ

പെരിന്തൽമണ്ണ മേഖലയിലെ യൂണിറ്റുകളിൽ ഗൂഗിൾ മീറ്റിലൂടെ മേഖലാ സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റ് വിസിറ്റ് നടത്തി. മേഖല ഡയറക്ടർ ഫാ.തോമസ് മലപ്രവനാൽ ,ആനിമേറ്റർ സി.ലിസ ,ഭാരവാഹികളായ ട്രീസ ജോൺ, ഫിലോമിന വർഗ്ഗീസ്, ലൂസി ജോസ്, ട്രീസ സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

## മേഖല എക്സിക്യൂട്ടീവ്

താമരശ്ശേരി മേഖലയുടെ എക്സിക്യൂട്ടിവ് യോഗം താമരശ്ശേരി മേരിമാതാ കത്തീഡ്രലിൽ വച്ച് നടന്നു. കത്തീഡ്രൽ വികാരി റവ. ഫാ. മാത്യു മാവേലി, മേഖല ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് മുകാലയിൽ, മേഖല ആനിമേറ്റർ സി. അമല SFN, മേഖലാ പ്രസിഡന്റ് ആൻസി തോമസ്, വിവിധ ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

## നവംബർ മാസ പരിപാടികൾ

- ശുദ്ധീകരണാത്മാക്കളുടെ ലുത്തിനിയ, കരുണ കൊന്ത എന്നിവ രൂപതയിൽ നവംബർ 10 ന് 24 മണിക്കൂർ തുടർച്ചയായി നടത്തുന്നു.
- വൈദികർക്കും സന്യസ്തർക്കുമായി അമ്മമാർ പ്രത്യേകമായി ഒരു കരുണകൊന്ത എല്ലാദിവസവും ചൊല്ലുന്നു.
- പതിവുപോലെ നവംബർ മൂന്നാം തീയതി ആദ്യ ബുധനാഴ്ച വിശുദ്ധ യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന മേഖലകളുടെ നേതൃത്വത്തിൽ നടത്തുന്നു.
- ഈ മാസത്തെ വെബിനാർ 'കുടുംബം നേരിടുന്ന വെല്ലുവിളികൾ'. തിയ്യതി പിന്നീട് അറിയിക്കുന്നതായിരിക്കും

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മാതൃവേദി

# ഗുഡ് ഷെഫേർഡ് പ്രീസ്റ്റ് ഹോം

## ആദരാഞ്ജലികൾ

കഴിഞ്ഞ ഏഴു വർഷമായി ഗുഡ് ഷെപ്പേർഡ് പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചു ഞങ്ങളിൽ നിന്നും വേർപിരിഞ്ഞു പോയ ബഹുമാനപ്പെട്ട ജോൺ മണലിൽ അച്ചന്റെ (30.09.2021) ആത്മാവിന് നിത്യശാന്തി നേരുന്നു. അനുശോചനങ്ങളും പ്രാർത്ഥനകളും.

## നന്ദി

മൂന്ന് വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം കോതമംഗലം SD സന്യാസി സമൂഹത്തിലേക്കു മടങ്ങിപ്പോയ സിസ്റ്റർ സലോമി പുന്നക്കാപ്പടവിൽ SD ന് താമരശ്ശേരി രൂപതയുടെ എല്ലാ നന്ദിയും കടപ്പാടും അറിയിക്കുന്നു. ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന സിസ്റ്ററിനു എല്ലാവിധ ആശംസകളും തുടർന്നുള്ള പ്രവർത്തനങ്ങൾക്കുള്ള എല്ലാ മംഗളങ്ങളും നേരുന്നു.

## സ്വാഗതം

ഗുഡ് ഷെപ്പേർഡ് പ്രീസ്റ്റ് ഹോം മേരിക്കുന്നിലേക്ക് ശുശ്രൂഷക്കായി കടന്നു വന്നിരിക്കുന്ന സിസ്റ്റർ രേഷ്മ പൂവത്തുംകുടിയിൽ SD യ്ക്ക് താമരശ്ശേരി രൂപതയിലേക്ക് സ്വാഗതം ആശംസിക്കുന്നു.

## നവതി

കഴിഞ്ഞ ഒക്ടോബർ 17 നു നവതി ആഘോഷിച്ച ബഹുമാനപ്പെട്ട മാത്യു ഓണയത്താംകുഴി അച്ചന് ജന്മദിനത്തിന്റെ എല്ലാവിധ നന്മകളും ആശംസകളും നേരുന്നു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ ഗുഡ്ഷപ്പേർഡ് പ്രീസ്റ്റ്ഹോം



# കുടുംബ പ്രേഷിതത്വം

വിവാഹാർത്ഥികൾക്കായി താമരശ്ശേരി രൂപത കുടുംബപ്രേഷിതത്വ വിഭാഗം ഒരുക്കുന്ന പ്രീ–കാനാ കോഴ്സ് ഒക്ടോബർ മാസത്തിൽ 8,9,10 തീയതികളിൽ നടന്നു. ഓൺലൈനായി നടത്തപ്പെട്ട ഈ പരിശീലന പരിപാടിയിൽ വിവിധ ഇടവകകളിൽ നിന്നായി 163 യുവജനങ്ങൾ പങ്കെടുത്തു.

നവംബർ മാസത്തിൽ 12,13,14 തീയതികളിലും ഡിസംബർ മാസത്തിൽ 10,11,12 തീയതികളിലും കോഴ്സ് നടക്കുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 8547191056 എന്ന നമ്പറിൽ ബന്ധപ്പെടുക. അടുത്തുതന്നെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നവരെ മാത്രം കോഴ്സിൽ പങ്കെടുപ്പിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുക.

**ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ**
ഡയറക്ടർ, കുടുംബ പ്രേഷിതത്വം

# കെ.സി.വൈ.എം.

## വനിതാ സംഗമവും കേശദാനവും

താമരശ്ശേരി രൂപത കെസിവൈഎം ന്റെ ആഭ്യമുഖ്യത്തിൽ വനിതാ സംഗമവും ക്യാൻസർ രോഗികൾക്കായി കേശദാന യജ്ഞവും നടത്തി.

മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ നടന്ന സമ്മേളനം കോഴിക്കോട് കോർപ്പറേഷൻ മേയർ ഡോ. ബീന ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. രൂപതാ വൈസ് പ്രസിഡന്റ് ശ്രീമതി സിമി തേവടിയിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർ ശ്രീമതി അൽഫോൻസാ മാത്യു ആശംസകൾ അറിയിച്ച് സംസാരിച്ചു. തൃശൂർ അമല ക്യാൻസർ സെന്ററുമായി സഹകരിച്ച് നടത്തുന്ന ഈ കേശദാനയജ്ഞത്തിൽ നൂറോളം പേർ ഇതുവരെ കേശദാനം നടത്തി.

നിരവധി വനിതാ പ്രതിനിധികളും കേശദാതാക്കളും പങ്കെടുത്ത സംഗമത്തിൽ സ്ത്രീകളുടെ മാനസിക ആരോഗ്യത്തെ സംബന്ധിച്ച് സി. ജിനു എം എസ് ജെ ക്ലാസ് നയിക്കുകയും ഫാദർ ജോർജ് വെള്ളയ്ക്കാക്കുടിയിൽ, സി. ഷാർലറ്റ് റോസ് സി എം സി, സെക്രട്ടറി അമൃത തെങ്ങനാൽ, രൂപതാ സമിതി അംഗങ്ങളായ ഒലീവിയ, അലീന മാത്യു, ശാലു, സിന്റില്ല, അതുല്യ, മഞ്ജുഷ എന്നിവർ നേതൃത്വം നൽകുകയും ചെയ്തു .

### വുമൺസ് വിങ് വിപുലീകരിച്ചു

ബോധിത വനിതാ സംഗമത്തോടനുബന്ധിച്ച് പെൺകുട്ടികളുടെ പ്രശ്നങ്ങളെ കൂടുതൽ മനസ്സിലാക്കുന്നതിനും ഇടപെടുന്നതിനും രൂപതാ സംവിധാനങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്നതിനുമായി നാല്പതോളം അംഗങ്ങളെ കൂടി ഉൾപ്പെടുത്തി വനിതാ വിംഗ് വിപുലീകരിച്ചു.

### വിശുദ്ധ കുരിശടയാളംവീഡിയോ ചലഞ്ച്

ഈശോയ്ക്ക് സ്തുതി ചൊല്ലികൊണ്ട് എല്ലാ സംസാരങ്ങളും എഴുത്തുകളും ആരംഭിക്കുവാനായി ഏറ്റെടുത്ത ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ ചലഞ്ചിന് ശേഷം മറ്റൊരു പാരമ്പര്യത്തെ തിരിച്ചു പിടിക്കുവാനുള്ള പരിശ്രമത്തിന്റെ ഭാഗമായി കെ.സി.വൈ.എം.

താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ കുരിശടയാളം വരച്ചുകൊണ്ട് ഏത് കാര്യത്തിന് മുൻപും ദൈവീക സംരക്ഷണം സ്വീകരിക്കുന്ന സന്ദേശം നൽകുന്ന വീഡിയോ പ്രകാശനം ചെയ്തു. ഒക്ടോബർ ഒന്നാം തീയതി അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പ്രകാശന കർമ്മം നിർവഹിച്ചു. രണ്ടു മിനിറ്റ് ദൈർഘ്യമുള്ള വീഡിയോയിൽ വീട്ടിൽ നിന്ന് ഇറങ്ങുന്നതിനു മുൻപും വാഹനത്തിൽ യാത്ര ആരംഭിക്കുന്നതിനു മുൻപും, യാത്രാമധ്യേ ദേവാലയങ്ങൾ കാണുമ്പോഴും, സന്ധ്യാ മണി അടിക്കുമ്പോഴും രാവിലെ എഴുന്നേൽക്കുമ്പോഴും രാത്രി ഉറങ്ങാൻ കിടക്കുമ്പോഴും വിശുദ്ധ കുരിശടയാളം വരച്ച് സംരക്ഷണം നേടാൻ ആഹ്വാനം ചെയ്യുന്നു.

### മാർ ചിറ്റിലപ്പള്ളി മെമ്മോറിയൽ പ്രസംഗ മത്സരം

അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ഓർമദിനത്തോട് അനുബന്ധിച്ച് നടത്തിയ പ്രസംഗ മത്സരത്തിൽ നിരവധി യുവജനങ്ങൾ പങ്കെടുക്കുകയുണ്ടായി.

### സമ്മാനം നേടിയവർ

ഒന്നാം സമ്മാനം
മമതാ റോസ്, മരിയാപുരം ഇടവക

രണ്ടാം സമ്മാനം
അഹല്യ വിജോയ്, വേനപ്പാറ ഇടവക

മൂന്നാം സമ്മാനം
ക്രിസ്റ്റൽ സുനിൽ, മരിയാപുരം ഇടവക

വിജയികളായ എല്ലാവർക്കും പങ്കാളികളായി അഭിവന്ദ്യ ഇടയനെ അനുസ്മരിക്കാൻ സുമനസ്സ് കാണിച്ച എല്ലാവർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

### ഗൂഗിൾ പേ  ചലഞ്ച്

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന പ്രിയപ്പെട്ട സഹപ്രവർത്തകയ്ക്ക് ‘ത

ണൽ വീട്' എന്ന പേരിൽ ഭവനം നിർമിച്ച് നൽകാനുള്ള വലിയ യജ്ഞത്തിന്റെ ഭാഗമായി ഇടവകകളിൽ നിന്നും കെസിവൈഎം എന്റെ നേതൃത്വത്തിൽ സാമ്പത്തികമായ സഹായ വിഹിതങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് ഗൂഗിൾ പേ ചലഞ്ച് നടന്നുവരുന്നു. കാറ്റുള്ളമല ഇടവകയിൽ നടക്കുന്ന ഈ നിർമ്മാണ പ്രവർത്തനത്തിന് 1,15000 രൂപ കാറ്റുള്ളമല ഇടവകയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവക അംഗങ്ങളിൽ നിന്നും സമാഹരിക്കുക ഉണ്ടായി. സഹകരിച്ച വികാരിയച്ചനും ദൈവജനത്തിനും നന്ദി പറയുന്നു. ഇടവകകൾക്ക് നൽകിയിരിക്കുന്ന വിഹിതത്തിന് അനുസരിച്ച് എത്രയും വേഗം തുക സമാഹരിച്ച് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

### കോൺക്ലേവ് ലോഗോ പ്രകാശനം

സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിലായി നടന്ന യൂത്ത് കോൺക്ലേവിവിന്റെ ലോഗോ പ്രകാശനം അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിച്ചു.

### കോൺക്ലേവ് യോഗങ്ങൾ

15 വർഷത്തെ മുന്നിൽകണ്ടുകൊണ്ട് യുവജനങ്ങളുടെ കാലികമായ പ്രതിസന്ധികളെയും പ്രശ്നങ്ങളെയും കൃത്യമായി വിലയിരുത്തി പരിഹാര പദ്ധതികൾ ആവിഷ്കരിക്കുന്ന യൂത്ത് കോൺക്ലേവിന്റെ പ്രധാന സെഷനുകൾ സമാപിച്ചു. ആദ്യഘട്ടത്തിൽ

11 മേഖലകളിലായി തെരഞ്ഞെടുക്കപ്പെട്ട മുൻകാല ഭാരവാഹികളെയും യുവജന നന്മയ്ക്കായി പ്രവർത്തിക്കുന്ന പ്രതിനിധികളെയും ഒരുമിച്ചുകൂട്ടി നടത്തിയ ആലോചന യോഗങ്ങളിൽ വളരെ കാര്യക്ഷമമായ നിർദ്ദേശങ്ങൾ മുന്നോട്ടു വന്നു. മേഖല തല റിപ്പോർട്ടുകൾ ഒക്ടോബർ 14 ന് മുന്നോടിയായി രൂപതയിലേക്ക് സമർപ്പിക്കുകയുണ്ടായി. തുടർന്ന് ഒക്ടോബർ 16ന് നടന്ന കോൺക്ലേവ് ഔദ്യോഗിക ഉദ്ഘാടന റിപ്പോർട്ട് അവതരണ യോഗത്തിൽ രൂപത വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര ഉദ്ഘാടന പ്രസംഗം നടത്തുകയും 11 മേഖലകളും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ഒക്ടോബർ 17ന് താമരശ്ശേരി മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ നടന്ന കോർ കമ്മിറ്റി യോഗത്തിൽ നാൽപതോളം പേർ പങ്കെടുക്കുകയും ആറ് സെഷനുകളിലായി നടന്ന ചർച്ചകളിൽ നിന്ന് അടിയന്തരമായും സമയബന്ധിതമായും നടത്തേണ്ട പദ്ധതി രൂപീകരണം നടത്തുകയും ചെയ്തു. വരും ദിവസങ്ങളിൽ നടക്കുന്ന ഫൈനൽ ഡ്രാഫ്റ്റ് അവതരണത്തോടുകൂടി കോൺക്ലേവിന് പരിസമാപ്തിയാകും. വലിയ കോൺക്ലേവിന് വലിയ പിന്തുണ നൽകിയ മേഖലാ ഡയറക്ടറച്ചൻമാർക്കും അനിമേറ്റർമാർക്കും മേഖലാ സമിതികൾക്കും മുൻകാല ഭാരവാഹികൾക്കും രൂപതാ സമിതിക്കും നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

### ജപമാല സന്ധ്യ

സ്പിരിചൽ ടീമിന്റെയും മേഖലകളുടെയും നേതൃത്വത്തിൽ വിവിധ മേഖലകളിലായി ഒക്ടോബർ 21 മുതൽ 31 വരെ ജപമാലയും ആരാധനയും സ്പിരിചൽ ടോക്കും ഉൾപ്പെടുത്തിക്കൊണ്ട് ജപമാല സന്ധ്യ നടത്തി ജപമാല മാസം ആചരിച്ചു.

## സംസ്ഥാന അർദ്ധവാർഷിക സെനറ്റ് യോഗം

കൊല്ലം രൂപതയിൽ വച്ച് ഒക്ടോബർ 10ന് നടന്ന സംസ്ഥാന അർധവാർഷിക സെനറ്റ് യോഗത്തിൽ രൂപത അസി. ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ, രൂപതാ പ്രസിഡണ്ട് വിശാഖ് തോമസ്, ജനറൽ സെക്രട്ടറി അഭിലാഷ് കുടിപ്പാറ, സംസ്ഥാന സിൻഡിക്കേറ്റ് മെമ്പർ ടിബിൻ അഗസ്റ്റിൻ, സംസ്ഥാന സെനറ്റ് മെമ്പർ റിച്ചാൾഡ് ജോൺ എന്നിവർ പങ്കെടുത്തു. തുടർന്ന് ഒക്ടോബർ 17 ന് നടന്ന ഓൺലൈൻ റിപ്പോർട്ട് അവതരണത്തിൽ രൂപത വൈസ് പ്രസിഡന്റ് ലെറ്റീഷ ജോഷി കഴിഞ്ഞ ആറു മാസത്തെ രൂപത പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

## മറ്റു പരിപാടികൾ

1. അഭിവന്ദ്യ പിതാവിന് നാമഹേതുക തിരുനാൾ മംഗളങ്ങൾ നേർന്നു
2. മാലാപറമ്പ്, നെന്മേനി, ആനക്കാംപൊയിൽ ഇടവകകളിൽ യുവജനങ്ങൾക്ക് അനുകാലിക വിഷയങ്ങളെ സംബന്ധിച്ച് ക്ലാസ് നൽകുകയും തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.
3. കുരാച്ചുണ്ട്, മലപ്പുറം മേഖലകളുടെ നേതൃത്വത്തിൽ ജപമാല മാസാചരണം നടത്തി.
4. പെരിന്തൽമണ്ണ മേഖലയുടെ നേതൃത്വത്തിൽ ഫുട്ബോൾ മത്സരം നടത്തപ്പെട്ടു. ഒമ്പതോളം ഇടവകകളിൽ നിന്ന് ടീമുകൾ പങ്കെടുത്തതിൽ നെന്മേനി ഇടവക ചാമ്പ്യന്മാരായി.
5. ബ്ലഡ് ഡൊണേഷൻ ആർമിയുടെ നേതൃത്വത്തിൽ വിവിധ ഹോസ്പിറ്റലുകളിലേക്ക് ആവശ്യക്കാർക്ക് രക്തം നൽകി.
6. സ്പിരിചൽ ടീം മേഖലതല മീറ്റിങ്ങുകൾ നടത്തി മേഖലാ കോർഡിനേറ്റർമാരെ തെരഞ്ഞെടുത്തു.
7. മഴ ശക്തിപ്പെട്ട സാഹചര്യത്തിൽ ടാസ്ക് ഫോഴ്സ് ടീമുകൾ തയ്യാറെടുപ്പുകൾ നടത്തി.

## അറിയിപ്പുകൾ

### 1. യൂണിറ്റ് ഇലക്ഷൻസ്

ഒക്ടോബർ മാസത്തോടുകൂടി യൂണിറ്റ് തല തിരഞ്ഞെടുപ്പുകൾ പൂർത്തിയാക്കണം എന്ന് അഭ്യർത്ഥിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ ലിസ്റ്റ് മേഖലകളിലേക്ക് കൈമാറേണ്ടതാണ്.

### 2. മേഖലാ രൂപത ഇലക്ഷൻ

നവംബർ മാസത്തിൽ മേഖല തിരഞ്ഞെടുപ്പുകൾ നടത്തുന്നു. യൂണിറ്റുകളിൽ നിന്നും നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രതിനിധികൾ മേഖല തെരഞ്ഞെടുപ്പിൽ പങ്കെടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു. ഡിസംബർ മാസത്തിൽ രൂപത വാർഷിക സെനറ്റും തെരഞ്ഞെടുപ്പും നടത്തുന്നതാ.യിരിക്കും.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# ഇൻഫാം

താമരശ്ശേരി രൂപതാ ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ വിവിധ ഇടവകകളിൽ യൂണിറ്റുകൾ സ്ഥാപിക്കുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**1. ചമൽ**

പ്രസിഡന്റ് : ബേബി കുടിയിരിക്കൽ
വൈസ് പ്രസിഡന്റ് : ജോബി പിള്ളച്ചിറ
സെക്രട്ടറി : റിജോ കുന്നത്തേട്ട്
ജോയിന്റ് സെക്രട്ടറി : റോബി കല്ലുവേലിൽ
ട്രഷറർ : സെബാസ്റ്റ്യൻ മുര്യൻവേലിൽ

**2. ചിപ്പിലിത്തോട്**

പ്രസിഡന്റ് : ജോർജുകുട്ടി വലക്കമറ്റം
വൈസ് പ്രസിഡന്റ് : ജോൺ കല്ലംപ്ലാക്കൽ
സെക്രട്ടറി : ജീജോ പുളിക്കൽ
ജോയിന്റ് സെക്രട്ടറി : വക്കച്ചൻ വെട്ടുകല്ലേൽ
ട്രഷറർ : ജോസഫ് കൊച്ചുപുരയ്ക്കൽ

**3. നൂറാം തോട്**

പ്രസിഡൻറ് : ജോയി വെള്ളാരംകുന്നേൽ
സെക്രട്ടറി : നെൽസൺ ജോസഫ്
വൈസ്പ്രസിഡന്റ് : സജി തോട്ടലിൽ
ജോയിന്റ് സെക്രട്ടറി : ജോസഫ് നെടുംതൊട്ടിപുത്തൻപുര
ട്രഷറർ : ദേവസ്യ ഇല്ലിക്കൽ

**4. ചെമ്പുകടവ്**

പ്രസിഡന്റ് : ബിജു മേച്ചേരിൽ
വൈസ് പ്രസിഡൻറ് : ജോസ് കുഴിമറ്റം
സെക്രട്ടറി : ബേബിച്ചൻ വട്ടക്കുന്നേൽ
ജോയിൻറ് സെക്രട്ടറി : ജോസ് കൊടുകപള്ളി
ട്രഷറർ : പീറ്റർ താന്നിക്കൽ

**5. കാക്കവയൽ**

പ്രസിഡന്റ് : ഡേവിസ് കട്ടിക്കാന
വൈസ് പ്രസിഡന്റ് : ഫിലിപ്പ് കണ്ടെത്തിൻതൊടികയിൽ
സെക്രട്ടറി : സിബി കാട്ടറത്ത്
ജോയിൻ സെക്രട്ടറി : ബിജു കാളംപറമ്പിൽ
ട്രഷറർ : ജോർജ് ഇട്ടിയപ്പാറ

**6. കോടഞ്ചേരി**

പ്രസിഡന്റ് : മാത്യു ചെല്ലംങ്കോട്ട്
വൈസ് പ്രസിഡൻറ് : ഷാജി തിരുമല
സെക്രട്ടറി : മാത്യു കുമ്പപള്ളി
ജോയിന്റ് സെക്രട്ടറി : സനി പുള്ളിക്കാട്ടിൽ
ട്രഷറർ : അബ്രഹാം വാമറ്റത്തിൽ

**7. തെയ്യപ്പാപാറ**

പ്രസിഡന്റ് : തോമസ് ചേനപ്പറമ്പിൽ
വൈസ് പ്രസിഡന്റ് : ജോസ് കാവനാൽ
സെക്രട്ടറി : സിബി കൊഴുവനാൽ
ജോയിന്റ് സെക്രട്ടറി : റെജി പേഴത്തിങ്കൽ
ട്രഷറർ : ജോസ് വള്ളിയാംപൊയ്കയിൽ

**8. വേനപ്പാറ**

പ്രസിഡന്റ് : രാജൻ പാലക്കൽ
വൈസ് പ്രസിഡന്റ് : സജി നെടുംങ്കല്ലേൽ
സെക്രട്ടറി : നൈജു പടിഞ്ഞാറേക്കുറ്റ്
ജോയിന്റ് സെക്രട്ടറി : ജോളി കല്ലിടുക്കിൽ
ട്രഷറർ : ബേബി തെക്കേൽ

**9. കണ്ണോത്ത്**

പ്രസിഡന്റ് : ആഗസ്റ്റ്തി പുളിക്കകണ്ടത്തിൽ
വൈസ് പ്രസിഡൻറ് : ജോമി മണ്ണംപ്ലാക്കൽ
സെക്രട്ടറി : ബാബു ചേന്നാൽ
ജോയിൻറ് സെക്രട്ടറി : ഷെല്ലി കുറുവച്ചിറ
ട്രഷറർ : ജോർജ് വെള്ളപ്പനാട്ട്

**10. കുപ്പായക്കോട്**

പ്രസിഡന്റ് : രാജു പുതിയേടത്ത്
വൈസ് പ്രസിഡന്റ്: ബിനു തൈക്കൽ
സെക്രട്ടറി : ജോയ് കാളംപറമ്പിൽ
ജോയിൻറ് സെക്രട്ടറി : റോയി വരീക്കൽ
ട്രഷറർ : അഭിലാഷ് ചുരത്തിൽ

**11. കല്ലുരുട്ടി**

പ്രസിഡൻറ് : ജോർജ്ജ് മാനാശ്ശേരിൽ
വൈസ് പ്രസിഡന്റ് : ജോസ് വിലങ്ങുപാറ

സെക്രട്ടറി  : ജോസ് നെടുങ്കല്ലേൽ
ജോയിൻറ് സെക്രട്ടറി : സണ്ണി പഴയിടത്ത്
ട്രഷറർ : ജോസ് തറമുട്ടത്ത്

**12. ആനക്കാംപൊയിൽ**

പ്രസിഡൻറ് : ബാബു തിനംമ്പറമ്പിൽ
വൈസ് പ്രസിഡന്റ് : റെമി കണിയാംകണ്ടത്തിൽ
സെക്രട്ടറി  ഫ്രിജിൽ വാളനാംക്കുഴി
ജോയിൻ സെക്രട്ടറി : ജോസഫ് പുറ്റുമണ്ണിൽ
ട്രഷറർ : ബെന്നി വരീക്കൽ

**13. കരിമ്പ്**

പ്രസിഡൻറ് : ജോസ് കുന്നത്ത്
വൈസ്  പ്രസിഡൻറ് : തോമസ് കളപ്പുര
സെക്രട്ടറി : ജിന്റോ പൊങ്ങാലയിൽ
ജോയിൻ സെക്രട്ടറി : ജിജി പടപ്പനാനിക്കൽ
ട്രഷറർ : വയലിൻ പുളിയനാനിക്കൽ

**14. കല്ലാനോട്**

പ്രസിഡന്റ് : വിനോദ് നരിക്കുഴി
വൈസ് പ്രസിഡന്റ് : വിജി വെട്ടിക്കുഴി
സെക്രട്ടറി : അനു കടുകൻമാക്കൽ
ജോയിന്റ് സെക്രട്ടറി : ഷിബു കുഴിവേലിൽ
ട്രഷറർ : വിനോദ് കലമറ്റത്തിൽ

**15. കുളത്തുവയൽ**

പ്രസിഡന്റ് : നോബി കുമ്പുക്കൽ
വൈസ് പ്രസിഡന്റ്: സിബി അലക്കലകത്ത്
സെക്രട്ടറി : കിഷോർ കണക്കുംഞ്ചേരി
ജോയിൻ സെക്രട്ടറി : ഫെലിക്സ് എബ്രയിൽ
ട്രഷറർ : ഷാജു കണക്കുംഞ്ചേരി

**16. മുക്കം**

പ്രസിഡന്റ്: അഗസ്റ്റിൻ ഉണ്ണികുന്നേൽ
വൈസ് പ്രസിഡന്റ്: കുര്യൻ പാറക്കൽ
സെക്രട്ടറി: തോമസ് കുരിശുംമൂട്ടിൽ
ജോയിൻ സെക്രട്ടറി: വർക്കി പുളിമൂട്ടിൽ
ട്രഷറർ : മാത്യു  മുള്ളനാനിക്കൽ

**17. തേക്കുംകുറ്റി**

പ്രസിഡന്റ്: സജി തൈക്കൂട്ടത്തിൽ
വൈസ് പ്രസിഡന്റ്: ജോയി പുനക്കാട്ട്
സെക്രട്ടറി: പി. യു ജോസ് പൈക്കാട്ട്
ജോയിന്റ് സെക്രട്ടറി : ജോജി പുലിക്കോട്ട്
ട്രഷറർ : ഇമ്മാനുവേൽ കാക്കക്കുട്ടുങ്കൽ

അസോസിയേറ്റ് ഡയറക്ടർ
**ഫാ. ജോസഫ് കളത്തിൽ**

ഡയറക്ടർ, ഇൻഫാം
**ഫാ. ജോസ് പെണ്ണാപറമ്പിൽ**

# എ.കെ.സി.സി

**ഉണർവ് 2021 യൂണിറ്റ് പുനസംഘടന സമ്മേളനം**

പുതിയ യൂണിറ്റുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ മുൻപ് യൂണിറ്റുകൾ ഉണ്ടായിരുന്നതും പിന്നീട് നിർജ്ജീവമായതുമായ ഇടവകകളെ കേന്ദ്രീകരിച്ചുകൊണ്ട് മുൻകാല ഭാരവാഹികളെയും പ്രതിനിധികളെയും ഉൾപ്പെടുത്തി ഉണർവ് 2021 യൂണിറ്റ് പുനസംഘടന സെമിനാർ സംഘടിപ്പിച്ചു. ഓൺലൈനായി നടന്ന പരിപാടിയിൽ നൂറ്റി പത്തോളം പേർ പങ്കെടുത്തു. എ കെ സി സി രൂപതാ പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ അധ്യക്ഷത വഹിച്ചു. സംഘടനാ സംവിധാനത്തെക്കുറിച്ചും സംഘടനാ പ്രവർത്തന രീതികളെക്കുറിച്ചും വരുംകാല പദ്ധതികളെക്കുറിച്ചും വിശദമായ സംസാരിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു.

**പുതിയ യൂണിറ്റുകൾ സ്ഥാപിച്ചു**

തോട്ടുമുക്കം ഫൊറോനയിലെ പനംപിലാവ്, വെറ്റിലപ്പാറ, മരംചാട്ടി ഇടവകകളിൽ മേഖല സമിതിയുടെയും രൂപതാ പ്രതിനിധികളുടെ നേതൃത്വത്തിൽ പുതിയ യൂണിറ്റുകൾ സ്ഥാപിച്ചു. ഗ്ലോബൽ സെക്രട്ടറി ബേബി പെരുമാലിൽ, അനീഷ് വടക്കേൽ , മേഖല ഇൻചാർജ് പ്രിൻസ് തിനംപറമ്പിൽ, മേഖലാ പ്രസിഡണ്ട് സാബു എന്നിവരും മറ്റു മേഖലാ പ്രതിനിധികളും നേതൃത്വം വഹിച്ചു. മരുതോങ്കര മേഖലാ പൂതംപാറ ഇടവകയിൽ ഇടവക വികാരി ഫാ. ജോൺസൺ നന്ദളത്തിന്റെ നേതൃത്വത്തിൽ പുതിയ യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു.

**കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിൽ ഭാരവാഹികളെതെരഞ്ഞെടുത്തു**

താമരശ്ശേരി രൂപത കത്തോലിക്ക കോൺഗ്രസിന്റെ യുവജന കൗൺസിൽ കോഡിനേറ്റേഴ്സായി ശ്രീ. ജോമി ചക്കിട്ടമുറിയിൽ, ശ്രീ. ജോമോൻ മതിലകത്ത്, ശ്രീ. ഷാന്റോ തകിടിയേൽ എന്നിവരെ തിരഞ്ഞെടുത്തു. ഓൺലൈനായി നടന്ന യുവജന വിഭാഗം മീറ്റിംഗിൽ രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ അധ്യക്ഷത വ

ഹിക്കുകയും കത്തോലിക്ക കോൺഗ്രസ് സംസ്ഥാന യൂത്ത് കൗൺസിൽ കോഡിനേറ്റർ ശ്രീ. സിജോ അമ്പാട്ട് മുഖ്യപ്രഭാഷണം നടത്തുകയും ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ തെരഞ്ഞെടുപ്പിന് നേതൃത്വം വഹിക്കുകയും ചെയ്തു.ഗ്ലോബൽ സെക്രട്ടറി ശ്രീമതി ട്രീസ സെബാസ്റ്റ്യൻ, ജനറൽ സെക്രട്ടറി അനീഷ് വടക്കേൽ എന്നിവർ നേതൃത്വം നൽകി.

### ഗ്ലോബൽ യൂത്ത് കൗൺസിൽ അംഗങ്ങൾ

വിനോദ് കിഴക്കയിൽ, ജസ്റ്റിൻ വട്ടമറ്റത്തിൽ, ആൽവിൻ തുളുവനാനിക്കൽ, സർജു കുളപ്പുറത്ത്, ജോമോൻ മതിലകത്ത്, വിപിൻ രാജു, ജസ്റ്റിൻ തൈപുരയിടത്തിൽ, എനോഷ്, അലോഷി, അനീഷ് വടക്കേൽ, തേജസ് കറുകയിൽ

### സഹായഹസ്തവുമായി തോട്ടുമുക്കം കത്തോലിക്കാ കോൺഗ്രസ്

തോട്ടുമുക്കം പെട്രോൾ പമ്പിനു സമീപത്ത് വച്ച് കാട്ടുപന്നിയുടെ ആക്രമണത്തിൽ പരിക്കേറ്റ ചുണ്ടത്തുംപൊയിൽ, ആത്രശ്ശേരിയിൽ വക്കച്ചന്റെ ഭവനം സന്ദർശിച്ച് കത്തോലിക്ക കോൺഗ്രസ് പ്രതിനിധികൾ പിന്തുണയും സഹായവും അറിയിച്ചു. കത്തോലിക്കാ കോൺഗ്രസ് തോട്ടുമുക്കം മേഖലാ പ്രസിഡണ്ട് ശ്രീ. സാബു വടക്കേപടവിൽ, രൂപതാ വൈസ് പ്രസിഡണ്ട് ശ്രീ. തോമസ് മുണ്ടപ്ലാക്കൽ, തോട്ടുമുക്കം യൂണിറ്റ് പ്രസിഡന്റ് ശ്രീ. ഷാജു പനക്കൽ, ട്രഷറർ ശ്രീ. ജിയോ വെട്ടുകാട്ടിൽ എന്നിവരുടെ നേതൃത്വത്തിൽ പീടികപാറ (കൂമ്പാറ) ഫോറസ്റ്റ് സ്റ്റേഷനിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്റ്റേഷൻ ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥർ പരിക്കേറ്റ വ്യക്തിയുടെ ഭവനം സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങൾ തരികയും സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തു.

### ഗ്ലോബൽ സമിതി മൈനോറിറ്റി അഫയേഴ്സിലേക്ക് നിർദേശിക്കപ്പെട്ട അംഗങ്ങൾ

വർഗീസ് കണ്ണാത്ത്, കേണൽ ഡൊമിനിക് മോഹൻദാസ്, ഷിജോ കട്ടക്കയം, വിൻസെന്റ് പി സി, ജോർജ്ജ് കിഴക്കേനാത്ത്, സജി കരോട്ട്, സണ്ണി കോക്കപ്പള്ളിൽ, പ്രിൻസ് തിനംപറമ്പിൽ, മാർട്ടിൻ തച്ചിൽ.

### ഗ്ലോബൽ സമിതി വുമൻസ് ഫോറത്തിലേക്ക് നിർദ്ദേശിക്കപ്പെട്ട വ്യക്തികൾ

അൽഫോൻസാ മാത്യു, ട്രീസ ലിസ് സെബാസ്റ്റ്യൻ, ലീലാമ്മ പുത്തേട്ട്പടവിൽ , അഡ്വ. ബീന ജോസഫ്, ദീപാ റെജി നെല്ലിയാനിക്കൽ, സാനി തോമസ് വലിയപറമ്പിൽ, ലിംന ജോർജ്, റോസമ്മ വർഗീസ് കരിയിൽ, സോണിയ റോയ് കൈതക്കുളം, ജാക്വിലിൻ ജയ്സൺ

### അറിയിപ്പുകൾ

1. ഡിസംബർ മാസത്തിൽ മുമ്പായി വിവിധ ഇടവകകളിൽ യൂണിറ്റുകൾ രൂപീകരിക്കാനുള്ള ഉദ്യമത്തിൽ ബഹുമാനപ്പെട്ട വികാരിമാരുടെ എല്ലാ സഹകരണവും അഭ്യർത്ഥിക്കുന്നു. മുൻപ് യൂണിറ്റ് ഉണ്ടായിരുന്ന താഴെപ്പറയുന്ന ഇടവകകളിൽ ആണ് ആദ്യഘട്ടമായി യൂണിറ്റ് പുനസ്ഥാപനം ആഗ്രഹിക്കുന്നത്.

ചെമ്പനോട, ചാത്തൻകോട്ടുനട, പേരാമ്പ്ര, കരികണ്ടൻപാറ, കല്ലാനോട്, കക്കയം, നരിനട, കരിയാത്തുംപാറ, കാറ്റുള്ളമല, കുളത്തുവയൽ, തലയാട്, ചമൽ, വള്ളിയാട്, കണ്ണോത്ത്, ആനക്കാംപൊയിൽ, മുത്തപ്പൻപുഴ, പുല്ലൂരാംപാറ, കല്ലുരുട്ടി, കോടഞ്ചേരി, വേനപ്പാറ, നെന്മേനി, പാലൂർകോട്ട, ചിരട്ടാമല, കുറ്റിപ്പുറം, വലമ്പൂർ, മങ്കട, ഈസ്റ്റ്ഹിൽ, ചേവായൂർ, കോനൂർകണ്ടി, കക്കാടംപൊയിൽ എന്നീ ഇടവകകളിലാണ് ഡിസംബർ മാസത്തിന് മുമ്പായി യൂണിറ്റുകൾ സ്ഥാപിക്കാൻ പരിശ്രമിക്കുന്നത്.

2. ENLIGHTEN 2021 'സ്വാതന്ത്ര്യസമരത്തിലും സാമൂഹ്യപുരോഗതിയിലും ക്രൈസ്തവ സംഭാവനകൾ 'എന്ന വിഷയത്തെ അധികരിച്ചു കൊണ്ടുള്ള ബോധവൽക്കരണ സെമിനാർ നവംബർ മാസം ആദ്യം നടത്തുന്നു.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, എ.കെ.സി.സി

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

### ജീവസമൃദ്ധി അടുക്കളത്തോട്ട മത്സരം 2021 –2022 ഉദ്ഘാടനം

ജീവന്റെ സമൃദ്ധിക്കു വേണ്ടി പ്രവർത്തിക്കുന്ന താമരശേരി രൂപതാ മരിയൻ പ്രോ–ലൈഫ് മൂവ്മെന്റ് വർഷം തോറും നടത്തി വരുന്ന ജൈവ അടുക്കളത്തോട്ടമത്സരം ഈ വർഷം കൂടുതൽ വിപുലമായി നടത്തപ്പെടുന്നു. മത്സരത്തിന്റെ ഉദ്ഘാടനം 15/11/21 ന് രൂപതാ ഭവനിൽ താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുൻവർഷത്തെ ജേതാവ് ജോസഫ് പാലക്കീലിന് പച്ചക്കറി തൈകൾ വിതരണം ചെയ്ത് കൊണ്ട് നിർവ്വഹിക്കും.

ഗ്രാമങ്ങളുടെ പുനഃസൃഷ്ടിക്ക് ജൈവഭക്ഷ്യ സംസ്കാരം വളർത്തിയെടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. വിഷ രഹിത ഭക്ഷണ ശീലം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടത്തി വരുന്ന മത്സരത്തിന് ആകർഷക സമ്മാനങ്ങളാണ് നൽകി വരുന്നത്.

ഒന്നാം സമ്മാനം 15000 രൂപയും രണ്ടും മൂന്നും സമ്മാനമായി യഥാക്രമം 10000, 7000 രൂപ വീതം നൽകുന്നു. ഫൊറോന തലത്തിൽ ഒന്നാം സമ്മാനാഹർക്ക് പ്രത്യേക ക്യാഷ് അവാർഡും നൽകുന്നു എന്നതും, സന്യാസ ഭവനങ്ങൾക്ക് പ്രത്യേക മത്സരമുണ്ടായിരിക്കും എന്നതും ഈ വർഷത്തെ പ്രത്യേകതയാണ്

മത്സരത്തിൽ പങ്കെടുക്കുന്നവർ നവംബർ 30 ന് മുമ്പായി ഇടവകാ വികാരിയിൽ നിന്ന് അപേക്ഷാ ഫോം സ്വീകരിച്ച് പൂരിപ്പിച്ച് 8157044414, എന്ന നമ്പറുകളിലേക്ക് വാട്സ് ആപ്പ് ചെയ്യേണ്ടതാണ്. 200 രൂപ രജിസ്ട്രേഷൻ ഫീസ് താഴെ പറയുന്ന അക്കൗണ്ടിലേക്ക് അയക്കുകയോ, 8157044414 എന്ന നമ്പറിലേക്ക് Google pay ചെയ്യുകയോ ചെയ്യേണ്ടതാണ്

Account number: 10805000100008
Federal Bank, Thiruvambady
IFSC code- FDRL0001954

**നിബന്ധനകൾ**

1. മത്സരാർത്ഥികൾ താമരശ്ശേരി രൂപതയിൽ അംഗങ്ങൾ ആയിരിക്കണം.
2. അടുക്കളത്തോട്ടങ്ങൾ ജൈവരീതിയിൽ പരിപാലിക്കേണ്ടതാണ്.
3. മത്സരത്തിൽ പങ്കെടുക്കുന്നവർ അവരുടെ ഇടവകാ വികാരിയുടെ പക്കൽ 200 രൂപ അടച്ച് നവംബർ 20ന് മൻപായി പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്.
4. തോട്ടത്തിന്റെ പരമാവധി വിസ്തീർണ്ണം 5 സെന്റ് (2500 സ്ക്വയർ ഫീറ്റിൽ) കൂടാൻ പാടില്ല
5. അടുക്കളത്തോട്ടത്തിൽ കുറഞ്ഞത് 6 ഇനം പച്ചക്കറികൾ (വെണ്ട, വഴുതന, പാവൽ, ചീര, പച്ചമുളക്) എങ്കിലും കൃഷി ചെയ്തിരിക്കണം.
6. തോട്ടത്തിന്റെ ഉല്പാദനവും വൃത്തിയും ഭംഗിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
7. സ്വന്തമായി സ്ഥലം ഇല്ലാത്ത വ്യക്തികൾക്ക് പാട്ടത്തിന് എടുത്ത സ്ഥലത്തോടെറസിലോ കൃഷി ചെയ്യാവുന്നതാണ്.
8. ഗ്രോബാഗ്, ചട്ടി ചാക്ക് എന്നിവയിൽ മണ്ണ് നിറച്ച് തോട്ടം ക്രമീകരിക്കുന്നതും അനുവദീയമാണ്.
9. പച്ചക്കറിത്തോട്ടം തുറസ്സായ സ്ഥലത്തായിരിക്കണം ഗ്രീൻ ഹൗസ്, പോളി ഹൗസ് എന്നിവ പാടില്ല.
10. മത്സരാർത്ഥികളുടെ ഭവനങ്ങളിൽ കറിവേപ്പ്, പപ്പായ, മുരിങ്ങ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം (തോട്ടത്തിൽ ആയിരിക്കണമെന്നില്ല)
11. അടുക്കളത്തോട്ടത്തിലേക്കുള്ള വിത്ത്, വളം എന്നിവ അവരവർ തന്നെ സംഘടിപ്പിക്കേണ്ടതാണ്.
12. അടുക്കളത്തോട്ട പരിപാലനം കുടുംബാംഗങ്ങളുടെ നേതൃത്വത്തിൽ ആയിരിക്കണം.
13. ജഡ്ജസിന്റെ തീരുമാനം അന്തിമമായിരിക്കും.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

സൊസൈറ്റിയുടെ ഏരിയാ കൗൺസിലുകൾ അവരുടെ ഫൊറോന ആസ്ഥാനങ്ങളിൽ മീറ്റിംങ്ങ് കൂടുകയുണ്ടായി. കുളത്തുവയൽ എസി പ്രസിഡന്റ് ബ്രദർ ജോഷി ചീങ്കല്ലേലിന്റെ അദ്ധ്യക്ഷതയിൽ കൂരാച്ചുണ്ട് സെന്റ് തോമസ് ഹാളിൽ ചേർന്ന് ഏരിയാ തലത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തി.

മരുതോങ്കര, തിരുവമ്പാടി, കോടഞ്ചേരി, താമരശ്ശേരി, ദേവഗിരി തുടങ്ങിയ ഏരിയ കൗൺസിലുകൾ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി. കോവിഡ് രോഗികളുടെ എണ്ണം കുറഞ്ഞുവരുന്നതിനാൽ ഇടവക കോൺഫ്രൻസുകൾ എല്ലാ ആഴ്ചയും കഴിയുന്നതും ചേരാൻ തീരുമാനിച്ചു.

സെപ്റ്റംബർ 9-ാം തീയതി വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെയും 27-ാം തീയതി വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാളുകൾ സംഘടനാംഗങ്ങൾ ഇടവക പള്ളികളിൽ സമുചിതമായി ആഘോഷിച്ചു. ആഘോഷമായ ദിവ്യബലിയിൽ പങ്കെടുത്തുകൊണ്ട് വിൻസെൻഷ്യൻ പ്രതിജ്ഞതത പുതുക്കുകയുണ്ടായി.

സെപ്റ്റംബർ 25 ന് തിരുവമ്പാടി സ്നേഹാലയത്തിൽ വച്ച് സെൻട്രൽ കൗൺസിൽ മീറ്റിംങ്ങ് ചേരുകയുണ്ടായി. എസി പ്രസിഡന്റുമാരും സിസി ബോർഡ് മെമ്പർമാരും പങ്കെടുത്ത യോഗത്തിൽ കോവിഡ് ചികിത്സാ സഹായം ഡിസംബർ 31 വരെ നൽകാൻ തീരുമാനിച്ചു.

പാറോപ്പടി സെന്റ് ആന്റണീസ് ഫൊറോന പള്ളിയിലെ സെന്റ് ആന്റണീസ് കോൺഫ്രൻസ് അംഗങ്ങൾ " ഓസാനാം നേഴ്സിംങ്ങ് പഠിക്കുന്ന പാവപ്പെട്ട കുടുംബത്തിലെ 40 വിദ്യാർത്ഥികളെ രൂപതാ തലത്തിൽ കണ്ടെത്തി, ഒരു നേഴ്സിംങ്ങ് വിദ്യാർത്ഥിക്ക് 50000/- രൂപ വീതം, ഒരു വർഷം 40 കുട്ടികൾക്ക് 20 ലക്ഷം രൂപ നൽകുന്നതാണ് "ഓസാനാം നേഴ്സിങ്ങ് ധനസഹായ പദ്ധതി."

ഈ പദ്ധതിയുടെ ഉദ്ഘാടനം സെപ്റ്റംബർ 26 ന് രൂപത അദ്ധ്യക്ഷൻ ആഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഒരു നേഴിങ്ങ് വിദ്യാർത്ഥിക്ക് 50000/- രൂപയുടെ ചെക്ക് നൽകുകയുണ്ടായി. തദവസരത്തിൽ പാത്തിപ്പാറ ഇടവക വികാരി ബഹു. ജോസഫ് പുത്തോട്ടുപടവിൽ, പാറോപ്പടി ഫൊറോന വികാരി ബഹു. ജോസഫ് കളരിക്കൽ, സിസി പ്രസിഡന്റ് സെന്റ് ആന്റണീസ് കോൺഫ്രൻസിലെ ഭാരവാഹികളും അംഗങ്ങളും പങ്കെടുത്തു.

ദേവഗിരി സെന്റ് ജോസഫ് പള്ളിയിൽ പ്രവർത്തിക്കുന്ന 4 കോൺഫ്രൻസുകളും കൂടി ദേവാലയത്തിൽ, വി. കുർബാനയ്ക്കു ശേഷം വിശുദ്ധന്റെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. ഫൊറോന വികാരി ബഹു. ജോസഫ് കളരിക്കൽ, സഹവികാരി സിബി സി.എം.ഐ, സിസി പ്രസിഡന്റ് എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# കരിസ്മാറ്റിക് മൂവ്മെന്റ്

മരുതോങ്കര മേഖലയിലെ എൽ എസ്സ് എസ്സ് ട്രെയിനിംഗ് പൂർത്തിയാക്കിയ 51 പേര് ഗൂഗിൾ മീറ്റിലൂടെ ഒരുമിച്ചുകൂടി. സോണൽ ആനിമേറ്റർ ബഹു. സൈമൺ വള്ളോ പ്പിള്ളിയച്ചൻ സന്ദേശത്തിലൂടെ ഓർമ്മപ്പെടുത്തി. ഈ പ്രതിസന്ധിയിലും ദൈവം പരി ശുദ്ധാത്മാവിനെ അയച്ചുകൊണ്ട് കൃപയുടെ ഒഴുക്കു വെളിപ്പെടുത്തുന്നു. ഓരോ ദിവ സവും ഈശോയെ പൂർണ്ണതയിൽ അനുഭവിക്കാൻ ഒരുക്കുന്നു. രക്ഷാകരദൗത്യത്തിൽ നമ്മെയും പങ്കുചേർക്കുന്നു.

മരുതോങ്കര ഫൊറോന വികാരിയും സബ്സോൺ ആനിമേറ്ററുമായ ബഹു. ജോർജ്ജ് കളത്തൂർ അച്ചൻ ഈശോയുടെ കാലത്തെ ഓർമ്മപ്പെടുത്തിക്കൊണ്ട് വചനം കഠിനമാണെന്ന് പറഞ്ഞ് വിട്ടുപോയവർക്ക് കൂടെനിൽക്കാൻ കഴിഞ്ഞില്ല- ആത്മീയജീ വിതം ഒഴുക്കിനെതിരെയുള്ള യാത്രയാണെന്നും ദൈവത്തിന്റെ ശക്തി നിരന്തരം നമുക്ക് ആവശ്യമാണെന്നും ബലപ്രയോഗത്തിലൂടെ മാത്രമേ ആത്മാക്കളെ നേടാൻ സാധ്യമാ കൂയെന്നും ഓർമ്മപ്പെടുത്തി. പ്രാർത്ഥനാനുഭവം ലഭിച്ചവർ മറ്റുള്ളവർക്കും ആ അനുഭ വത്തിലേക്ക് കടന്നുവരാൻ ആവശ്യമായ പ്രാർത്ഥനാ ഗ്രൂപ്പുകൾ എല്ലാ ഇടവകകളിലും തുടങ്ങണം എന്ന് ഓർമ്മിപ്പിച്ചു. വി. മത്തായിയുടെ സുവിശേഷം 6:33 ഉദ്ധരിച്ചുകൊണ്ട് ആഹ്വാനം ചെയ്തു. സബ്സോൺ കോർഡിനേറ്റർ ശ്രീ. തോമസ് പുതുക്കുളങ്ങര സാറിന്റെ അക്ഷീണമായ പ്രയത്നങ്ങൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ. മീറ്റിംഗിൽ സോണൽ കോഡിനേറ്റർ ജോൺസൺ സാറും, എൽ എസ്സ് എസ്സ് കോർഡിനേറ്റർ ബാബു കോതാനിക്കലും സംസാരിച്ചു. അഭിഷേകപ്രാർത്ഥനയോടുകൂടി യോഗം അവ സാനിച്ചു.

23.9.21 ന് സബ് റിജീയൻ കൂട്ടായ്മയിൽ കെ.സി.എച്ച്.സി. കോർഡിനേറ്റർ ബഹു. താമരവെളി ജോസഫച്ചനും ടീമംഗങ്ങളും പങ്കെടുത്തു. പ്രധാനമായും യുവജനങ്ങ ളുടെ കൂട്ടായ്മ കൂടുതൽ ഫലപ്രദമായി നടത്താനും എൽഎസ്എസ് ട്രെയിനിംഗ് കൂടു തൽ പേരെ പങ്കെടുപ്പിക്കുന്നതിനൊപ്പം അതിന്റെ തനിമ ഒട്ടും നഷ്ടപ്പെടാതെ ട്രെയി നിംഗ് നൽകാനും സാധിക്കട്ടെ എന്ന് ആശംസിച്ചു.

സെപ്തംബർ 25 മുതൽ 29 വരെ പെരിന്തൽമണ്ണ, മലപ്പുറം സബ്സോണിലെ ദമ്പതികൾക്കായി ധ്യാനം ബഹു. ലൂയിസ് വെള്ളാനിക്കൽ അച്ചനും ടീമും നടത്തി. ഇതിനു മുൻകൈയെടുത്ത കപ്പിൾസ് മിനിസ്ട്രിക്കും, സബ്സോൺ നേതൃത്വത്തിനും പ്രത്യേകം നന്ദി.

നവീകരണത്തിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി മാതാവിന്റെ തിരുസ്വരൂ പവും ജപമാല റാലിയും നടക്കുന്നു. ഒരേ സമയം കേരളത്തിൽ നിന്ന് കിഴക്ക് ഭാഗ ത്തുകൂടിയും പടിഞ്ഞാറു ഭാഗത്തുകൂടിയും ഡൽഹിയിൽ എത്തും. ഒക്ടോബർ നാലിന് കുറ്റിപ്പുറത്തുനിന്നു തിരുസ്വരൂപം സ്വീകരിച്ച് രാത്രിയിൽ കോഴിക്കോട് ദേവഗിരി പള്ളി

യിൽ പ്രാർത്ഥിച്ച് 5-ാം തീയതി മാഹിപള്ളിയിൽ എത്തിച്ചുകൊടുത്തു. ഒക്ടോബർ 8 ന് സബ്സോൺ കോർഡിനേറ്റേഴ്സിന്റെയും മിനിസ്ട്രി കോർഡിനേറ്റേഴ്സിന്റെയും മീറ്റിംഗ് ഓൺലൈനിൽ നടന്നു. സബ്സോണുകളിൽ എൽ എസ് എസ് ട്രെയ്നിംങ്ങുകൾ നടക്കുന്നു. കൂരാച്ചുണ്ട് സബ്സോണിൽ എല്ലാ ഇടവകകളിലൂടെയും വാഹനത്തിൽ ജപമാലറാലി ഒക്ടോബർ 7 ന് തുടങ്ങി 19 ന് പൂർത്തിയാക്കി.

ഒക്ടോബർ 14 ന് സോണൽ സർവ്വീസ് ടീം കൂടിവരുന്ന ആറുമാസം സർവ്വീസ് ടീമംഗങ്ങൾ ഫുൾ ടൈമേഴ്സ് ആയി പ്രവൃത്തിക്കാൻ തീരുമാനിച്ചു. ഒക്ടോബർ 19 ന് കോർഗ്രൂപ്പ്കൂടി നവംബർ 15 ന് തേഞ്ഞിപ്പാലം സെന്റ് മേരീസ് പള്ളിയിൽ കെ സി എസ് സി സന്ദർശിക്കുമ്പോൾ ആവശ്യമായ ക്രമീകരണങ്ങൾ ചർച്ച ചെയ്തു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# ബഥാനിയ ധ്യാനകേന്ദ്രം

“അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു” (1 പത്രോ. 2:24).

ദൈവാനുഗ്രഹത്താൽ ഒക്ടോബർ മാസത്തിൽ ബഥാനിയായുടെ എല്ലാ ശുശ്രൂഷകളും അഭിഷേകത്തോടെ നടത്താൻ സാധിച്ചു. കോവിഡ് 19 നിയന്ത്രണങ്ങൾക്കു വിധേയമായി തന്നെ ശുശ്രുഷകൾ എല്ലാം നടക്കുന്നു. താമസിച്ചുള്ള ധ്യാനം ഒഴികെ മറ്റ് എല്ലാ ശുശ്രുഷകളും നടന്നുവരുന്നു.

**അഖണ്ഡ ജപമാല സമർപ്പണം 2021**

ബഥാനിയ ധ്യാനകേന്ദ്രത്തിലെ ഏറ്റവും വലിയ ശുശ്രുഷയാണല്ലോ 101 ദിനരാത്രങ്ങൾ (2424 മണിക്കൂർ) നീണ്ടുനിൽക്കുന്ന ദിവ്യകാരുണ്യ ആരാധനയും അഖണ്ഡ ജപമാല സമർപ്പണവും. ജൂൺ, ജൂലൈ മാസങ്ങളിൽ കോവിഡ് നിയന്ത്രണങ്ങൾ ശക്തമായിരുന്നതിനാൽ ഓഗസ്റ് 30 ന് ആരംഭിച്ച് ഡിസംബർ 8 ന് സമാപിക്കുന്ന രീതിയിലാണ് നടന്നു കൊണ്ടിരിക്കുന്നത്. രണ്ട് പ്രധാനപ്പെട്ട പൊതു നിയോഗങ്ങൾ ആണ് ഈ വർഷത്തെ അഖണ്ഡ ജപമാലയിൽ സമർപ്പിച്ചിട്ടുള്ളത്. 1) ലോക സമാധാനത്തിനും, 2) പകർച്ചവ്യാധിയിൽ നിന്നുള്ള സംരക്ഷണത്തിനും. ഈ പൊതുനിയോഗങ്ങളോടൊപ്പം വ്യക്തിപരമായ നിയോഗങ്ങളും സമർപ്പിച്ചു പ്രാർത്ഥിക്കുന്നു. ആളുകൾ ഒരുമിച്ചുകൂടുന്ന ഇടങ്ങളിൽ സാമൂഹ്യ അകലം പാലിക്കേണ്ടതുള്ളതുകൊണ്ട് ഒരേ സമയം ആവേ മരിയ ഹാളിലും നിത്യാരാധന ചാപ്പലിലും ആരാധനയും ജപമാലയും നടക്കുന്നു. എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചക്ക് 12 മണിക്കും വൈകുന്നേരം 7 മണിക്കും വി. കുർബ്ബാനയും പകൽ സമയത്ത് കുമ്പസാരത്തിനും കൗൺസിലിങ്ങിനുമുള്ള സൗകര്യം ഒരുക്കിയിരിക്കുന്നു. ഉച്ചക്കും രാത്രിയിലും നേർച്ച ഭക്ഷണവും നൽകി വരുന്നു.

ഇതിനോടകം തന്നെ ഈ ശുശ്രൂഷ അനേകം ആളുകൾക്ക് ദൈവാനുഗ്രഹത്തിന് കാരണമായി.

### നിത്യാരാധന

എല്ലാ ദിവസവും രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ നിത്യാരാധന നടക്കുന്നു. നിരവധി ആളുകൾ ദിവ്യകാരുണ്യ നാഥന്റെ സന്നിധിയിൽ പ്രാർത്ഥിക്കാനായി സമയം ചിലവഴിക്കുന്നു.

### ശുശ്രുഷകരുടെ കൂട്ടായ്മ

ബഥാനിയായുടെ എല്ലാ ശുശ്രുഷകരുടെയും കൂട്ടായ്മകൾ ഒക്ടോബർ മാസത്തിൽ നടത്തി. എല്ലാവരെയും ഒരേ സമയം വിളിച്ചുകൂട്ടുക സാധ്യമാകാത്തതുകൊണ്ട് വിവിധ ഗ്രൂപ്പുകളായിട്ടാണ് കൂട്ടായ്മകൾ നടത്തിയത്. പ്രത്യേക പ്രാർത്ഥനകളും കുമ്പസാരവും തീക്ഷ്ണതയോടെ ശുശ്രുഷ ചെയ്യാൻ ശുശ്രുഷകരെ സജ്ജമാക്കി.

### ഏകദിന ധ്യാനങ്ങൾ

എല്ലാ വെള്ളിയാഴ്ച്ചയും രാവിലെ 10 മണിക്ക് ആരംഭിച്ച ഉച്ചക്ക് 2 മണിക്ക് അവസാനിക്കുന്നു. വചനപ്രഘോഷണം, വി. കുമ്പസാരം, ആത്മീയ ഉപദേശം, വി. കുർബ്ബാന, രോഗശാന്തി ശുശ്രൂഷ, ദിവ്യകാരുണ്യ ആരാധന എന്നീ ശുശ്രുഷകൾ ഏകദിന ധ്യാനങ്ങളിൽ നടത്തപ്പെടുന്നു.

### നവംബർ മാസത്തിലെ ശുശ്രുഷകൾ

| | | |
|---|---|---|
| 5 വെള്ളി | – | ഏകദിന ധ്യാനം |
| 12 വെള്ളി | – | ഏകദിന ധ്യാനം |
| 12–15 | | ജീവിത വിശുദ്ധീകരണ ധ്യാനം (താമസിച്ചുള്ളത്) |
| 19 വെള്ളി | – | ഏകദിന ധ്യാനം |
| 26 വെള്ളി | – | ഏകദിന ധ്യാനം |
| 26 – 29 | – | ജീവിത വിശുദ്ധീകരണ ധ്യാനം (താമസിച്ചുള്ളത്) |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# യേശുനിധി

21.09.2021 മുതൽ 20.10.2021 വരെ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| **Education** | | |
| 1 | Kalikavu | 10,000.00 |
| 2 | Kariyathumpara | 10,000.00 |
| 3 | Kodanchery | 15,000.00 |
| 4 | Koorachundu | 7,000.00 |
| 5 | Kulathuvayal | 10,000.00 |
| 6 | Thalayad | 15,000.00 |
| 7 | Thottumukkam | 20,000.00 |
| **Home** | | |
| 8 | Koorachundu | 7,000.00 |
| 9 | Koorachundu | 25,000.00 |
| 10 | Mukkam | 10,000.00 |
| 11 | Padathukadave | 20,000.00 |
| 12 | Passukadave | 15,000.00 |
| 13 | Pulloorampara | 5,000.00 |
| 14 | Pulloorampara | 20,000.00 |
| 15 | Theyyappara | 15,000.00 |
| 16 | Vilangad | 12,000.00 |
| **Medical** | | |
| 17 | Chappanthottam | 15,000.00 |
| 18 | Chempanoda | 20,000.00 |
| 19 | Engapuzha | 10,000.00 |
| 20 | Kallanode | 10,000.00 |
| 21 | Koorachundu | 7,000.00 |
| 22 | Koorachundu | 8,000.00 |
| 23 | Mailellampara | 10,000.00 |
| 24 | Manjumala | 15,000.00 |
| 25 | Mavoor | 10,000.00 |
| 26 | Nenmeni | 10,000.00 |
| 27 | Nooramthode | 10,000.00 |
| 28 | Pathippara | 15,000.00 |
| 29 | Thamarassery | 7,000.00 |
| 30 | Thamarassery | 4,000.00 |
| 31 | Thamarassery | 5,000.00 |
| 32 | Thekkumkutty | 15,000.00 |
| 33 | Thottumukkam | 20,000.00 |
| 34 | Valiapanam | 15,000.00 |
| 35 | Vaniambalam | 15,000.00 |
| **Marriage** | | |
| 36 | Devagiri | 15,000.00 |
| 37 | Kodanchery | 15,000.00 |
| 38 | Kondotty | 20,000.00 |
| 39 | Thamarassery | 25,000.00 |
| 40 | Thiruvambady | 20,000.00 |
| 41 | Venappara | 10,000.00 |
| | **Total** | **5,42,000.00** |

ഫാ. മാത്യു പുളിമൂട്ടിൽ
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

ഒക്ടോബർ

1 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ഇടവക ദൈവാലയത്തിൽ വി. റെമീജിയൂസിന്റെയും വി. കൊച്ചുത്രേസ്യായുടെയും തിരുന്നാളിനോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു.

വൈകുന്നേരം, സെന്റ് അൽഫോൻസാ മൈനർ സെമിനാരിയിൽ, വി. റെമീജിയോസിന്റെ തിരുന്നാളിനോടനുബന്ധിച്ച് നടന്ന ആഘോഷങ്ങളിൽ സംബന്ധിച്ചു.

2 ഉച്ചകഴിഞ്ഞ്, ചെലവൂർ സി.എസ്.റ്റി. പ്രൊവിൻഷ്യൽ ഹൗസിൽ, വി. കൊച്ചുത്രേസ്യായുടെ തിരുന്നാളിനോടനുബന്ധിച്ച് നടന്ന ആഘോഷങ്ങളിൽ പങ്കെടുത്തു.

വൈകുന്നേരം, വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

3 രാവിലെ, ഈസ്റ്റ് ഹിൽ ഇടവക ദൈവാലയത്തിൽ വി. കുർബ്ബാനയർപ്പിച്ചു.

ചേവരമ്പലം ക്രിസ്തുദാസി സന്ന്യാസിനീ സമൂഹത്തിന്റെ 'ഹോം ഓഫ് ലവ്' സ്ഥാപനത്തിൽ വി. റെമീജിയൂസിന്റെ തിരുന്നാളിനോടനുബന്ധിച്ച് നടന്ന ആഘോഷങ്ങളിൽ സംബന്ധിച്ചു.

വൈകുന്നേരം, കൈതപ്പൊയിൽ ലിസ കോളേജിൽ വി. കൊച്ചുത്രേസ്യായുടെ തിരുന്നാളിനോടനുബന്ധിച്ച് നടന്ന ആഘോഷങ്ങളിൽ പങ്കെടുത്തു.

4 രാവിലെ, ഈരൂട് വൈദിക വിശ്രമ മന്ദിരത്തിൽ വി. ഫ്രാൻസിസ് അസീസിയുടെ തിരുന്നാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.

വൈകുന്നേരം, പുതുപ്പാടി ഫിലിപ്പ് നേരി ജനറലേറ്റിൽ വി. കുർബ്ബാനയർപ്പിച്ചു.

5 ഉച്ചകഴിഞ്ഞ്, സമർപ്പിത സമൂഹങ്ങൾക്കായുള്ള സീറോ മലബാർ സിനഡൽ കമ്മീഷൻ അംഗങ്ങളുടെ ഓൺലൈനായി നടത്തിയ മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം, താമരശ്ശേരി സനാതന മേജർ സെമിനാരിയിൽ വി. കുർബ്ബാനയർപ്പിച്ചു.

6 രാവിലെ, പാറോപ്പടി എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബ്ബാനയർപ്പിച്ചു.

7 രാവിലെ, താമരശ്ശേരി ചാവറ ആശുപത്രി കപ്പേളയിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

വൈകുന്നേരം, ദേവഗിരി ശാന്തിഭവൻ നോർബർട്ടൈൻ ആശ്രമത്തിൽ നവീകരിച്ച 'ജീവ വിഹാർ' ബ്ലോക്കിന്റെ വെഞ്ചരിപ്പു കർമ്മം നടത്തി.

9 രാവിലെ, ഈരൂട് മഠം കപ്പേളയിൽ നടന്ന, എഫ്. സി. സി. സന്യാസ സമൂഹത്തിലെ രണ്ട് സന്യാസാർത്ഥിനികളുടെ പ്രഥമ വ്രതവാഗ്ദാന കർമ്മങ്ങൾക്ക് നേതൃത്വം നൽകി വി. കുർബ്ബാനയർപ്പിച്ചു.

വൈകുന്നേരം, എ.കെ.സി.സി. ഓൺലൈനായി സംഘടിപ്പിച്ച യൂണിറ്റ് പുനസം ഘടനാ മീറ്റിങ്ങിൽ സംബന്ധിച്ചു.

ഷംഷാബാദ് രൂപതാഭവനിൽ രൂപതാദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവിനെ സന്ദർശിച്ചു.

10–15 പഞ്ചാബ്– രാജസ്ഥാൻ മിഷൻ പ്രദേശങ്ങളിലുള്ള സി.എസ്.റ്റി. സന്യാസ സമൂഹത്തിന്റെ ക്രിസ്തുജ്യോതി പ്രൊവിൻസിലെ വൈദികരുടെ വാർഷിക ധ്യാനം നയിച്ചു.

16–19 സി.എസ്.റ്റി. സന്യാസ സമൂഹത്തിന്റെ ക്രിസ്തുജ്യോതി പ്രൊവിൻസിനു കീഴിൽ രാജസ്ഥാനിലുള്ള സീക്കർ, ഹനുമാൻഘട്ട്, സൂരത്ഘട്ട്, ബിക്കാനീർ, നോക്ക, കേസരി സിംഗ്പൂർ, ഗംഗാനഗർ മിഷൻ കേന്ദ്രങ്ങളും, പഞ്ചാബിലുള്ള അബോർ, ദാനെവാലാ, സിഖ്വാലാ, മലൗട്ട്, മുക്സർ, ഫരീക്കോട്ട്, ജീര, അമൃത്സർ മിഷൻ പ്രദേശങ്ങളും സന്ദർശിച്ചു.

ഫരീദാബാദ് മിഷൻ രൂപതയ്ക്കു കീഴിലുള്ള പഞ്ചാബിലെ വിവിധ മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ചു.

പഞ്ചാബ് മിഷനിൽ സേവനം ചെയ്യുന്ന താമരശ്ശേരി രൂപതാ വൈദികരായ ഫാ. അബ്രഹാം വള്ളോപ്പിള്ളി, ഫാ. ജോസഫ് കിളിയംപറമ്പിൽ എന്നിവരെ സന്ദർശിച്ചു.

20 രാവിലെ, ഡൽഹിയിൽ ഫരീദാബാദ് രൂപതാദ്ധ്യക്ഷൻ മാർ കുര്യാക്കോസ് ഭരണികുളങ്ങര പിതാവിനോടൊപ്പം കേന്ദ്ര വനം – പരിസ്ഥിതി മന്ത്രി ഭൂപേന്ദ്ര യാദവുമായി കൂടിക്കാഴ്ച നടത്തി. തുടർന്ന് ഡൽഹി അന്ധേരി റോഡിൽ തകർക്കപ്പെട്ട ലിറ്റിൽ ഫ്ളവർ ദൈവാലയം സന്ദർശിച്ചു.

21 – 24 ലക്നൗ, മങ്കപൂർ സെന്റ് മൈക്കിൾസ് സ്കൂൾ പ്രിൻസിപ്പൽ ആയി ശുശ്രൂഷ ചെയ്യുന്ന ഫാ. തോമസ് കണ്ണമ്പള്ളിയെ സന്ദർശിച്ചു.

ഖോരക്പൂർ രൂപതാഭവനിൽ രൂപതാദ്ധ്യക്ഷൻ മാർ തോമസ് തുരുത്തിമറ്റം പിതാവിനെ സന്ദർശിച്ചു. തുടർന്ന് ഖോരക്പൂർ രൂപതയുടെ കീഴിലുള്ള വിവിധ മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ചു.

ഖോരക്പൂർ–നേപ്പാൾ മിഷൻ പ്രദേശങ്ങളിലെ സി.എസ്.ടി. ലിറ്റിൽ ഫ്ളവർ പ്രൊവിൻസിനു കീഴിലുള്ള ഹരായിയ, ബാസ്തി, റക്സൽ, നാരായൺ ഘട്ട്, ബീർ ഗാങ്ങ്, താടി തുടങ്ങിയ മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ചു.

27 രാവിലെ, രൂപതാ ഭവനിൽ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിക്ക് കീഴിലുള്ള സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

28 രാവിലെ, മേരിക്കുന്ന് എം.എസ്.ജെ. പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ ഏതാനും സന്യാസാർത്ഥിനികളുടെ പ്രഥമ വ്രതവാഗ്ദാന കർമ്മങ്ങൾക്ക് നേതൃത്വം നല്കി, വി. കുർബ്ബാനയർപ്പിച്ചു.


വൈകുന്നേരം, ഓൺലൈനായി നടന്ന സീറോ മലബാർ മെത്രാന്മാരുടെ മാസ ധ്യാനത്തിൽ സംബന്ധിച്ചു.


29 രാവിലെ, രൂപതാഭവനിലുള്ളവർക്കായി നടത്തിയ മാസധ്യാനത്തിൽ സംബന്ധിച്ചു.

30 രാവിലെ, തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന, മാർ ജോർജ്ജ് ഞരള ക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെ ടുത്തു.

31 രാവിലെ, പെരിന്തൽമണ്ണ ഇടവക ദൈവാലയത്തിൽ ഏതാനും കുട്ടികളുടെ ആദ്യ കുർബ്ബാന സ്വീകരണത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, കൂമുള്ളി ഇടവകയിൽ പുതുക്കിപ്പണിത ദൈവാലയത്തിന്റെ പുനർകൂ ദാശ നിർവ്വഹിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.





# വി. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന

ഞങ്ങളുടെ വിമോചകന്റെ പാലകനായ വി. യൗസേപ്പിതാവേ, പരി. കന്യാമറിയത്തിന്റെ മണവാളാ, ദൈവം തന്റെ ഏകജാതനെ ഭരമേല്പിച്ച അങ്ങിലാണല്ലോ, പരി. കന്യകാ മറിയം ശരണപ്പെട്ടത്. അങ്ങയോടൊപ്പമാണല്ലോ ഈശോ വളർന്നത്. വി. യൗസേപ്പിതാവേ, ഞങ്ങളുടെ സ്വർഗീയതാതനായിരുന്നുകൊണ്ട് ജീവന്റെ വഴിയിൽ ഞങ്ങളെയും നയിക്കണമേ. ഞങ്ങൾക്ക് കൃപയും കാരുണ്യവും ധൈര്യവും ലഭിക്കുന്നതിനും തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുന്നതിനും മാദ്ധ്യസ്ഥ്യം വഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

('പാത്രിസ് കോർദെ'യുടെ സമാപനത്തിലെ പ്രാർത്ഥന)



# Pope Francis

## On Family



**1. The family prays**

After all, prayer seems to be something personal, and besides there is never a good time, a moment of peace... Yes, all that is true enough, but it is also a matter of humility, of realizing that we need God... all of us! We need his help, his strength, his blessing, his mercy, his forgiveness. And we need simplicity to pray as a family: simplicity is necessary! Praying the Our Father together, around the table, is not something extraordinary: it's easy. And praying the Rosary together, as a family, is very beautiful and a source of great strength! And also praying for one another! The husband for his wife, the wife for her husband, both together for their children, the children for their grandparents....praying for each other. This is what it means to pray in the family and it is what makes the family strong: prayer.

**2. The family keeps the faith**

We all know that families, especially young families, are often "racing" from one place to another, with lots to do. But did you ever think that this "racing" could also be the race of faith? Christian families are missionary families. ...They are missionary in everyday life, in their doing everyday things, as they bring to everything the salt and the leaven of faith! Keeping the faith in families and bringing to everyday things the salt and the leaven of faith.

**3. The family experiences joy**

Dear families, you know very well that the true joy which we experience in the family is not superficial; it does not come from material objects, from the fact that everything seems to be going well... True joy comes from a profound harmony between persons, something which we all feel in our hearts and which makes us experience the beauty of togetherness, of mutual support along life's journey. But the basis of this feeling of deep joy is the presence of God, the presence of God in the family and his love, which is welcoming, merciful, and respectful towards all. And above all, a love which is patient: patience is a virtue of God and he teaches us how to cultivate it in family life, how to be patient, and lovingly so, with each other. To be patient among ourselves. A patient love.

Dear families, always live in faith and simplicity, like the Holy Family of Nazareth! The joy and peace of the Lord be always with you!

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-10-2021 |



ജയ് ജയ് ക്രിസ്തുരാജൻ

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 23, issue 11, November 2021, Pages 68.